# BUSINESS STUDIES

## FIRST YEAR

## FOCUS AREA NOTES IN MALAYALAM

PREPARED BY

VINOD E B

O L L  H S S, UZHAVOOR, KOTTAYAM

MOB: 9544 389 770

# CHAPTER 1

# ബിസിനസ്സും വ്യാപാരവും വാണിജ്യവും

## (Business, Trade and Commerce)

## ബിസിനസ് (Business)

ലാഭം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കുകയും/വാങ്ങുകയും വിൽക്കുകയും ചെയ്യുക എന്ന പ്രവർത്തിയിൽ സ്ഥിരമായി ഏർപ്പെടുന്നതാണ് ബിസിനസ്

### പ്രത്യേകതകൾ (Features)

**1. സാമ്പത്തിക പ്രവർത്തനമാണ്**

പണം സമ്പാദിക്കുക എന്ന ലക്ഷ്യത്തോടുകൂടി ചെയ്യുന്ന പ്രവർത്തനമായതിനാൽ ബിസിനസ് ഒരു സാമ്പത്തിക പ്രവർത്തനമാണ്.

**2. സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കുകയോ വാങ്ങുകയോ ചെയ്യുക**

ഏതൊരു ബിസിനസ് സ്ഥാപനവും ഉപഭോക്താക്കൾക്ക് വിൽക്കുന്നതിനായി സാധനങ്ങൾ സ്വന്തമായി ഉൽപാദിപ്പിക്കുകയോ മറ്റു ഉത്പാദകരിൽ നിന്നും വാങ്ങുകയോ ചെയ്യുന്നു

**3. സാധനങ്ങളുടെയും സേവനങ്ങളുടെയും വില്പന/ കൈമാറ്റം**

പ്രതിഫലം വാങ്ങി സാധനങ്ങളും സേവനങ്ങളും വിൽക്കുകയോ കൈമാറുകയോ ചെയ്യുന്നതാണ് ബിസിനസ്. ഉദാ: കുടുംബാംഗങ്ങൾക്കു വേണ്ടി വീട്ടിൽ ഭക്ഷണം പാചകം ചെയ്യുന്നത് ബിസിനസ് അല്ല. എന്നാൽ ഭക്ഷണം പാചകം ചെയ്ത് ഹോട്ടൽ വഴി മറ്റുള്ളവർക്ക് വിൽക്കുന്നത് ബിസിനസ് ആണ്

**4. സാധനങ്ങളിലും സേവനങ്ങളിലും തുടർച്ചയായി വ്യാപരിക്കൽ**

സാധനങ്ങളിലും സേവനങ്ങളിലും തുടർച്ചയായി വ്യാപരിക്കുന്നതാണ് ബിസിനസ്. ഒറ്റത്തവണ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത് ബിസിനസ് അല്ല. ഉദാ: ഒരാൾ താൻ ഉപയോഗിക്കുന്ന റേഡിയോ വിറ്റാൽ അത് ബിസിനസ് അല്ല. എന്നാൽ ഷോപ്പ് വഴി സ്ഥിരമായി റേഡിയോ വാങ്ങിക്കുകയും വിൽക്കുകയും ചെയ്യുന്നത് ബിസിനസ് ആണ്.

**5. ലാഭം നേടുക**

ലാഭമുണ്ടാക്കുക എന്നതാണ് ബിസിനസിന്റെ പ്രധാന ലക്ഷ്യം.

**6. വരുമാനത്തിലെ അനിശ്ചിതത്വം**

ഭാവിയിൽ എത്ര തുക ലാഭമായി നേടാൻ കഴിയുമെന്നത് അനിശ്ചിതം ആണ് ബിസിനസ്സിൽ എപ്പോഴും നഷ്ടം സംഭവിക്കാനുള്ള സാധ്യതയുണ്ട്.

7. നഷ്ടസാധ്യത ഘടകം

ഏത് ബിസിനസിലും നഷ്ടസാധ്യതയുണ്ട്. ഒരു ബിസിനസിനും നഷ്ടസാധ്യത പാടെ ഒഴിവാക്കാനാവില്ല.

## വിവിധ തരം ബിസിനസ് പ്രവർത്തനങ്ങൾ

ബിസിനസ് പ്രവർത്തനങ്ങളെ രണ്ടായി തരംതിരിക്കാം

A. വ്യവസായം B. വാണിജ്യം

A. വ്യവസായം (Industry)

വിഭവങ്ങളെ ഉപയോഗപ്രദമായ സാധനങ്ങൾ ആക്കി മാറ്റുന്ന സാമ്പത്തിക പ്രവർത്തനമാണ് വ്യവസായം

വ്യവസായങ്ങളെ മൂന്നായി തരം തിരിക്കാം

1. പ്രാഥമികം 2. ദ്വിതീയം 3. തൃതീയം

1. പ്രാഥമികം(Primary Industry)

പ്രകൃതിവിഭവങ്ങളുടെ ഖനനവും ഉൽപാദനവും കൂടാതെ സസ്യ ജീവജാലങ്ങളുടെ പുനരുല്പാദനം , വികസനം എന്നിവയുമായി ബന്ധപ്പെട്ട വ്യവസായമാണ് പ്രാഥമിക വ്യവസായം. ഇതിനെ രണ്ടായി തരംതിരിക്കാം

a) പ്രകൃതിജന്യ വ്യവസായങ്ങൾ (Extractive Industries)

മണ്ണ്,ജലം മുതലായവയിൽനിന്നും ഉൽപ്പന്നങ്ങൾ ഖനനം ചെയ്തെടുക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായമാണിത്.

.ഉദാ: മീൻപിടുത്തം, ഖനനം, വേട്ടയാടൽ, കൃഷി

b) ജൈവശാസ്ത്രപരമായ വ്യവസായം(Genetic Industries)

മൃഗങ്ങൾ, സസ്യങ്ങൾ എന്നിവയുടെ ഉൽപാദനം, പരിപാലനം, പെരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആണിത്. ഉദാ:കന്നുകാലി പരിപാലനം, കോഴി വളർത്തൽ, കാർഷിക നഴ്സറി, വനസംരക്ഷണം

2. ദ്വിതീയ വ്യവസായങ്ങൾ(Secondary Industry)

പ്രാഥമിക വ്യവസായത്തിൽ നിന്നും ലഭിച്ച വിഭവങ്ങൾ വീണ്ടും ഉല്പാദന പ്രക്രിയയ്ക്ക് വിധേയമാക്കുകയോ അല്ലെങ്കിൽ അന്തിമ ഉപഭോഗത്തിനുള്ള ഉത്പന്നങ്ങളാക്കി മാറ്റുകയോ ചെയ്യുന്ന വ്യവസായമാണ് ദ്വിതീയം. ഇതിനെ വീണ്ടും രണ്ടായി തരംതിരിക്കാം

a) ഉൽപാദന വ്യവസായങ്ങൾ(Manufacturing Industries)

അസംസ്കൃതവസ്തുക്കൾ അന്തിമ ഉത്പന്നങ്ങളാക്കി മാറ്റുന്ന വ്യവസായങ്ങൾ ആണിത്. ഉദാ :പരുത്തിയെ വസ്ത്രങ്ങൾ ആക്കുക, തടിയെ ഫർണിച്ചർ ആക്കുക, ഇരുമ്പയിര് സ്റ്റീൽ ആക്കുക

ഇതിനെ വീണ്ടും നാലായി വിഭജിക്കാം

**i) അനലിറ്റിക്കൽ(Analytical)**

ഒരു അസംസ്കൃത വസ്തുവിൽ നിന്നും വിവിധ ഘടകങ്ങൾ വേർതിരിച്ചെടുക്കുന്നു. ഉദാ : എണ്ണ ശുദ്ധീകരണ ശാല

**ii) സിന്തറ്റിക്കൽ(Synthetical)**

വിവിധ ഘടകങ്ങളെ സംയോജിപ്പിച്ച് ഒരു പുതിയ ഉൽപ്പന്നം ഉണ്ടാക്കുന്നു. ഉദാ :സിമന്റ് വ്യവസായം

**iii) പ്രോസസിങ്(Processing)**

അന്തിമ ഉൽപ്പന്നം ലഭിക്കുന്നതിന് ഉൽപാദന പ്രക്രിയയിൽ വിവിധ ഘട്ടങ്ങൾ ഉപയോഗിക്കുന്ന വ്യവസായം. ഉദാ : പഞ്ചസാര വ്യവസായം, പേപ്പർ വ്യവസായം

**iv) അസംബ്ലിങ് (Assembling)**

പുതിയ ഉത്പന്നം ഉണ്ടാക്കുന്നതിന് വിവിധ ഭാഗങ്ങളെ കൂട്ടിച്ചേർക്കുന്നു. ഉദാ: കമ്പ്യൂട്ടർ, കാർ, ടിവി

**b) നിർമ്മാണ വ്യവസായങ്ങൾ (Construction Industries)**

റോഡുകൾ, കെട്ടിടങ്ങൾ, ഡാമുകൾ, പാലങ്ങൾ മുതലായവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായങ്ങൾ ആണിത്

**3. തൃതീയം(Tertiary Industry)**

പ്രാഥമിക, ദ്വിതീയ വ്യവസായങ്ങൾക്ക് പിന്തുണാ സേവനങ്ങൾ നൽകുന്ന വ്യവസായങ്ങൾ ആണിത്.ഉദാ: ഗതാഗതം, ബാങ്കിംഗ്, ഇൻഷുറൻസ്, വെയർഹൗസിങ്, കമ്മ്യൂണിക്കേഷൻ

## വാണിജ്യം(Commerce)

സാധനങ്ങളുടെ കൈമാറ്റ പ്രക്രിയയിലുണ്ടാകുന്ന വ്യക്തിപരവും, സ്ഥല പരവും, സമയപരവുമായ തടസങ്ങളെ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ആകെത്തുകയാണ് വാണിജ്യം. വാണിജ്യത്തിൽ 1) കച്ചവടം 2) കച്ചവട സഹായകങ്ങൾ എന്നിവ ഉൾപ്പെടുന്നു

### കച്ചവടം(Trade)

സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണ് കച്ചവടം. ഉൽപാദകനിൽ നിന്നും ഉപഭോക്താവിലേക്ക് സാധനങ്ങൾ എത്തിക്കാൻ കച്ചവടം സഹായിക്കുന്നു. കച്ചവടം വ്യക്തിപരമായ തടസം നീക്കുന്നു

## വിവിധതരം കച്ചവടങ്ങൾ

**1. ആഭ്യന്തര കച്ചവടം( Internal Trade)**

ഒരു രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിൽ നടക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലും വിൽപ്പനയും ആണ് ആഭ്യന്തര കച്ചവടം. ഇതിനെ മൊത്തവ്യാപാരം, ചില്ലറവ്യാപാരം എന്നിങ്ങനെ രണ്ടായി തരംതിരിക്കാം

**a) മൊത്തവ്യാപാരം(Wholesale Trade)**

ഉത്പാദകരിൽ നിന്നും കൂടിയ അളവിൽ സാധനങ്ങൾ വാങ്ങി കുറഞ്ഞ അളവിൽ ചില്ലറ വ്യാപാരികൾക്ക് വിൽക്കുന്നതാണ് മൊത്തവ്യാപാരം

**b) ചില്ലറവ്യാപാരം(Retail Trade)**

മൊത്തവ്യാപാരികളിൽ നിന്നും സാധനങ്ങൾ വാങ്ങി വളരെ ചെറിയ അളവിൽ ഉപഭോക്താക്കൾക്ക് വിൽക്കുന്നതാണ് ചില്ലറവ്യാപാരം

**2. വിദേശ വ്യാപാരം(Foreign or External Trade)**

വിവിധ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം ആണിത്. ഇതിനെ മൂന്നായി തരം തിരിക്കാം.

**a) ഇറക്കുമതി കച്ചവടം(Import Trade)**

മറ്റൊരു രാജ്യത്ത് നിന്നും സാധനങ്ങൾ വാങ്ങുന്നതാണ് ഇറക്കുമതി

**b) കയറ്റുമതി കച്ചവടം(Export Trade)**

മറ്റൊരു രാജ്യത്ത് സാധനങ്ങൾ വിൽക്കുന്നതാണ് കയറ്റുമതി കച്ചവടം

**c) എൻട്രിപോട്ട് കച്ചവടം(Entrepot Trade)**

മറ്റുരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതാണ് എൻട്രിപോട്ട് കച്ചവടം

## കച്ചവട സഹായകങ്ങൾ(Auxiliaries to trade)

**1. ഗതാഗതം(Transportation)**

അസംസ്കൃതവസ്തുക്കൾ ഉൽപാദന കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിനും, അന്തിമ ഉത്പന്നങ്ങൾ ഉപഭോഗ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനും ഗതാഗതം സഹായിക്കുന്നു. ഇത് സ്ഥലപരമായ തടസ്സം നീക്കുന്നു.

**2.ബാങ്കിങ്(Banking)**

ആസ്തികൾ, അസംസ്കൃതവസ്തുക്കൾ എന്നിവ വാങ്ങുന്നതിനും ദൈനംദിന ചെലവുകൾ നടത്തുന്നതിനും ബിസിനസിന് പണം ആവശ്യമാണ്. ബാങ്കുകൾ ബിസിനസിന് ആവശ്യമായ പണം നൽകുന്നു. ബാങ്കിങ് പണപരമായ തടസ്സം നീക്കുന്നു.

**3. ഇൻഷുറൻസ്(Insurance)**

തീപിടുത്തം, വെള്ളപ്പൊക്കം, ഭൂകമ്പം എന്നിവമൂലം ബിസിനസിൽ നഷ്ടങ്ങൾ സംഭവിക്കാം. ഈ നഷ്ട സാധ്യതകൾക്കെതിരെ ഇൻഷുറൻസ് ബിസിനസിന് സംരക്ഷണം നൽകുന്നു. ഇൻഷുറൻസ് നഷ്ടസാധ്യത തടസ്സം നീക്കുന്നു.

**4. വെയർഹൗസിങ്(Warehousing)**

ഉൽപാദനം നടന്നയുടനെ സാധനങ്ങൾ വിൽക്കപ്പെടുന്നില്ല. അതിനാൽ വിൽക്കപ്പെടുന്നത് വരെ സാധനങ്ങൾ സംഭരിച്ചു വയ്ക്കണം. ഇത് പരിഹരിക്കുവാൻ വെയർഹൗസ് ബിസിനസിനെ സഹായിക്കുന്നു. വെയർഹൗസിങ് സമയ പരമായ തടസം നീക്കുന്നു.

**5. പരസ്യം(Advertisement)**

വില, ഉപയോഗം, ഗുണനിലവാരം തുടങ്ങി ഉൽപ്പന്നത്തിനെക്കുറിച്ചുള്ള വിവരങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനും അവരെ സാധനങ്ങൾ വാങ്ങുവാൻ പ്രേരിപ്പിക്കുന്നതിനും പരസ്യം സഹായിക്കുന്നു. ഇത് അറിവ്പരമായ തടസ്സം നീക്കുന്നു.

# CHAPTER 2

## ബിസിനസ് സംഘടനകളുടെ രൂപങ്ങൾ

## (FORMS OF BUSINESS ORGANISATIONS)

### ഏകാംഗ വ്യാപാരം(Sole Proprietorship)

ഒരാൾ മാത്രം ഉടമസ്ഥത വഹിക്കുകയും ഭരണം നടത്തുകയും ചെയ്യുന്ന ബിസിനസ് സ്ഥാപനമാണ് ഏകാംഗ വ്യാപാരം. ഈ ബിസിനസ് നടത്തുന്നയാളെ ഏകാംഗ വ്യാപാരി എന്നു പറയുന്നു

**പ്രത്യേകതകൾ (Features)**

**1. രൂപീകരിക്കലും അടച്ചുപൂട്ടലും**

നിയമപരമായ ഔപചാരികതകൾ ഇല്ലാത്തതിനാൽ ആർക്കും ഇത് എളുപ്പത്തിൽ ആരംഭിക്കാം.

**2. ബാധ്യത**

ഏകാംഗ വ്യാപാരിയുടെ ബാധ്യത അപരിമിതമാണ്. അതായത് ബിസിനസിന്റെ ബാധ്യതകൾ കൊടുത്തു തീർക്കാൻ ബിസിനസിന്റെ ആസ്തികൾ തികയാതെ വന്നാൽ തന്റെ സ്വകാര്യസ്വത്തും ഉപയോഗിക്കേണ്ടിവരും

**3.ലാഭവും നഷ്ടവും ഉടമയ്ക്ക് മാത്രം**

ബിസിനസിന്റെ എല്ലാ നഷ്ട സാധ്യതയും ഒറ്റയ്ക്ക് വഹിക്കണം. ലാഭമുണ്ടായാൽ അതിന്റെ മുഴുവൻ അവകാശവും ഉടമസ്ഥന് ആയിരിക്കും.

**4. നിയന്ത്രണം**

ബിസിനസ് നടത്തുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും ഉള്ള പൂർണ്ണ അവകാശം ഉടമസ്ഥനാണ്.

5. പ്രത്യേക അസ്തിത്വമില്ല

ഉടമസ്ഥനിൽ നിന്നും വേർപെട്ട ഒരു അസ്തിത്വം ഏകാംഗ ബിസിനസിന് ഇല്ല. അതായത് ഉടമസ്ഥനും ബിസിനസും തമ്മിൽ വ്യത്യാസമില്ല .

6.ബിസിനസ് തുടർച്ചയുടെ അഭാവം

ഉടമസ്ഥന്റെ മരണം, ബുദ്ധിഭ്രമം, പാപ്പരത്തം, ജയിൽവാസം മുതലായവ ബിസിനസിന്റെ അടച്ചുപൂട്ടലിലേക്ക് നയിച്ചേക്കാം.

## ഗുണങ്ങൾ (Merits)

1. വേഗത്തിലുള്ള തീരുമാനം

ആരുമായും കൂടിയാലോചനകൾ നടത്തേണ്ടാത്തതിനാൽ ഉടമസ്ഥന് വേഗത്തിൽ തീരുമാനങ്ങൾ എടുക്കാം.

2. വിവരങ്ങളുടെ രഹസ്യസ്വഭാവം

ബിസിനസുമായി ബന്ധപ്പെട്ട വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാൻ സാധിക്കും

3. നേരിട്ടുള്ള പ്രോത്സാഹനം

ബിസിനസിൽ നിന്നുള്ള ലാഭം മുഴുവൻ ഉടമസ്ഥന് അവകാശപ്പെട്ടതാണ്. ഇത് കഠിനാധ്വാനം ചെയ്യുന്നതിനുള്ള പ്രോത്സാഹനമാണ്.

4. വിജയ സംതൃപ്തി

ഏകാംഗ വ്യാപാരി തനിക്ക് വേണ്ടിയാണ് പ്രയത്നിക്കുന്നത്. ബിസിനസിന്റെ വിജയം അയാളിൽ ആത്മവിശ്വാസവും വിജയ സംതൃപ്തിയും ഉളവാക്കുന്നു.

5. രൂപീകരിക്കാനും പൂട്ടാനും എളുപ്പം

ഉടമസ്ഥന് സ്വന്തം ഇഷ്ടപ്രകാരം ബിസിനസ് ആരംഭിക്കുകയും അടച്ചുപൂട്ടുകയും ചെയ്യാം.

## പരിമിതികൾ (Limitations)

1. പരിമിതമായ വിഭവങ്ങൾ

തന്റെ സമ്പാദ്യവും മറ്റുള്ളവരിൽ നിന്നും കടം മേടിച്ചതും ചേർന്ന വളരെ പരിമിതമായ വിഭവങ്ങളേ ഏകാംഗ വ്യാപാരിക്ക് ഉള്ളൂ. ദീർഘകാല വായ്പകൾ നൽകുന്നതിന് ബാങ്കുകൾ മടി കാണിക്കും.

2. പരിമിതമായ ആയുസ്സ്

ഉടമസ്ഥന്റെ മരണം, ബുദ്ധിഭ്രമം, അസുഖം എന്നിവ ബിസിനസിനെ ബാധിക്കുകയും അടച്ചുപൂട്ടലിലേക്ക് നയിക്കുകയും ചെയ്തേക്കാം.

3. അപരിമിതമായ ബാധ്യത

ബാധ്യത അപരിമിതമായതിനാൽ ബിസിനസിന്റെ ബാധ്യതകൾ തീർക്കാൻ ബിസിനസിന്റെ ആസ്തികൾ തികയാതെ വന്നാൽ ഏകാംഗ വ്യാപാരി തന്റെ സ്വകാര്യസ്വത്ത് ഇതിനായി ഉപയോഗിക്കേണ്ടിവരുന്നു.

**4. ഭരണ ശേഷിയുടെ കുറവ്**

ബിസിനസ് നടത്തുന്നതിന് ആവശ്യമായ എല്ലാ ഭരണപരമായ കഴിവുകളും ഒരു ഏകാംഗ വ്യാപാരിക്ക് ഉണ്ടാകണമെന്നില്ല.

## പങ്കാളിത്തം(Partnership)

"എല്ലാവരുമോ അല്ലെങ്കിൽ എല്ലാവർക്കും വേണ്ടി ഒരാളോ നടത്തുന്ന ബിസിനസിൽ നിന്നുണ്ടാകുന്ന ലാഭം പങ്കുവയ്ക്കാം എന്ന് വ്യക്തികൾ തമ്മിലുണ്ടാക്കുന്ന ബന്ധമാണ് പങ്കാളിത്തം"- ഇന്ത്യൻ പങ്കാളിത്ത നിയമം 1932

### പ്രത്യേകതകൾ (Features)

**1. രൂപീകരണം**

വ്യക്തികൾ തമ്മിലുള്ള ഉടമ്പടി പ്രകാരമാണ് പങ്കാളിത്തം രൂപീകരിക്കുന്നത്. ഇതിനെ നിയന്ത്രിക്കുന്നത് 1932 ലെ ഇന്ത്യൻ പങ്കാളിത്ത നിയമമാണ്.

**2.ബാധ്യത**

പങ്കാളികളുടെ ബാധ്യത അപരിമിതമായിരിക്കും.

**3. നഷ്ടസാധ്യത സഹിക്കൽ**

ബിസിനസിൽ ഉണ്ടാകുന്ന നഷ്ടസാധ്യത പങ്കാളികൾ പങ്കുവയ്ക്കുന്നു

**4. തീരുമാനം എടുക്കലും നിയന്ത്രണവും**

തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ഉത്തരവാദിത്തവും ബിസിനസ് നിയന്ത്രണവും പങ്കാളികൾ പങ്കിട്ട് ചെയ്യുന്നു.

**5. തുടർച്ച**

ബിസിനസിന് തുടർച്ചയുടെ അഭാവം ഉണ്ട്. പങ്കാളികളുടെ മരണം, വിരമിക്കൽ, ബുദ്ധിഭ്രമം എന്നിവ പങ്കാളിത്തത്തിനെ പുനഃസംഘടനയിലേക്ക് നയിക്കും.

**6. അംഗത്വം**

പങ്കാളിത്തം ആരംഭിക്കാൻ കുറഞ്ഞത് രണ്ട് അംഗങ്ങൾ വേണം. പരമാവധി അംഗങ്ങളുടെ എണ്ണം ബാങ്കിംഗ് ബിസിനസിൽ പത്തും മറ്റു ബിസിനസുകളിൽ ഇരുപതും ആണ്.

**7. പരസ്പര ഏജൻസി**

ഓരോ പങ്കാളിയും ഒരേസമയം ഏജന്റും പ്രിൻസിപ്പലും ആണ്. ഒരാൾ തന്റെ പ്രവർത്തി മൂലം മറ്റുള്ളവരെ ബാധ്യസ്ഥരാക്കിയാൽ അയാൾ ഏജന്റാണ്. മറ്റുള്ളവരുടെ പ്രവർത്തനങ്ങൾ മൂലം ഒരു പങ്കാളി ബാധ്യസ്ഥനായാൽ അയാൾ പ്രിൻസിപ്പലാണ്.

## പങ്കാളിത്ത പ്രമാണം(Partnership Deed)

പങ്കാളിത്തം രൂപീകരിക്കുന്നതിന് ഒരു ഉടമ്പടി ആവശ്യമാണ്. ഈ ഉടമ്പടി എഴുതപ്പെട്ടതോ വാക്കാലുള്ളതോ ആകാം. പങ്കാളിത്തത്തിന്റെ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പങ്കാളികൾ തമ്മിലുള്ള എഴുതപ്പെട്ട ഉടമ്പടിയാണ് പങ്കാളിത്ത പ്രമാണം.

## ഉള്ളടക്കം (Contents)

1. സ്ഥാപനത്തിന്റെ പേര്
2. പങ്കാളികളുടെ പേരും മേൽവിലാസവും
3. ബിസിനസിന്റെ സ്വഭാവവും സ്ഥാപിച്ചിരിക്കുന്ന സ്ഥലവും
4. ബിസിനസിന്റെ കാലാവധി
5. ഓരോ പങ്കാളിയും നിക്ഷേപിച്ച മൂലധനം
6. ലാഭം പങ്കുവയ്ക്കുന്ന അനുപാതം
7. പങ്കാളികളുടെ അവകാശങ്ങളും കടമകളും
8. പങ്കാളികളുടെ ശമ്പളം
9. മൂലധനത്തിന്റെ പലിശ, പിൻവലിച്ച തുകയുടെ പലിശ എന്നിവ
10. അക്കൗണ്ടുകൾ തയ്യാറാക്കൽ, അവയുടെ ഓഡിറ്റിംഗ് എന്നിവ
11. സ്ഥാപനം അടച്ച് പൂട്ടുന്നതിനുള്ള നടപടിക്രമം.

## സഹകരണ സംഘം(Co-Operative Society)

അംഗങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി ഒരു കൂട്ടം ആളുകൾ സ്വമേധയാ ഒത്തൊരുമിച്ച് രൂപീകരിക്കുന്ന സംരംഭമാണ് സഹകരണ സംഘം. ഇത് 1912-ലെ സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം. ഒരു സഹകരണ സംഘം രൂപീകരിക്കാൻ കുറഞ്ഞത് 10 പേരെങ്കിലും വേണം.

## പ്രത്യേകതകൾ (Features)

1. സ്വമേധയായുള്ള അംഗത്വം

ഒരു വ്യക്തിക്ക് സ്വന്തം ഇഷ്ടപ്രകാരം എപ്പോൾ വേണമെങ്കിലും സംഘത്തിൽ ചേരുകയും പിരിഞ്ഞു പോവുകയും ചെയ്യാം. ജാതി, മത, ലിംഗ വ്യത്യാസമില്ലാതെ ആർക്കും സംഘത്തിൽ ചേരാം.

2. നിയമപരമായ പദവി

സഹകരണ സംഘം നിർബന്ധമായും രജിസ്റ്റർ ചെയ്യണം. അംഗങ്ങളിൽനിന്ന് വേറിട്ട നിലനിൽപ്പ് സംഘത്തിലുണ്ട്. സംഘത്തിന് ഉടമ്പടിയിൽ ഏർപ്പെടുകയും, സ്വന്തം പേരിൽ സ്വത്തുക്കൾ വാങ്ങിക്കുകയും, മറ്റുള്ളവർക്കെതിരെ കേസ് കൊടുക്കുകയും, മറ്റുള്ളവർക്ക് സംഘത്തിനെതിരെ കേസ് കൊടുക്കുകയും ചെയ്യാം.

3. പരിമിതമായ ബാധ്യത

അംഗങ്ങളുടെ ബാധ്യത അവർ മുടക്കിയിരിക്കുന്ന മൂലധനത്തിന്റെ തുകയിലേയ്ക്ക് പരിമിതപ്പെടുത്തിയിരിക്കുന്നു.

4. നിയന്ത്രണം

അംഗങ്ങൾ തിരഞ്ഞെടുക്കുന്ന മാനേജിംഗ് കമ്മറ്റിയാണ് സംഘത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

5. സേവനമാണ് ലക്ഷ്യം

ലാഭമുണ്ടാക്കുക അല്ല, മറിച്ച് അംഗങ്ങൾക്ക് സേവനം ചെയ്യുകയാണ് സഹകരണസംഘത്തിന്റെ ലക്ഷ്യം

## ജോയിന്റ് സ്റ്റോക്ക് കമ്പനി(Joint Stock company)

പണമോ പണത്തിന് തുല്യമായ വസ്തുക്കളോ ഒരു പൊതുവായ നിധിയിലേക്ക് നിക്ഷേപിക്കുകയും അതുപയോഗിച്ച് വ്യാപാരമോ കച്ചവടമോ ചെയ്യുകയും അതിൽ നിന്നുണ്ടാകുന്ന ലാഭമോ നഷ്ടമോ പങ്കുവെക്കുകയും ചെയ്യുന്ന, നിരവധി ആളുകൾ ചേർന്ന ഒരു സംഘടനയാണ് ജോയിന്റ് സ്റ്റോക്ക് കമ്പനി. "പ്രത്യേക അസ്തിത്വവും സ്ഥായി ഭാവവും പൊതു മുദ്രയും ഉള്ള ഒരു കൃത്രിമ വ്യക്തിയാണ് കമ്പനി". 1956-ലെ ഇന്ത്യൻ കമ്പനി നിയമമനുസരിച്ചാണ് കമ്പനിയുടെ ഭരണം നടക്കുന്നത്. കമ്പനിയുടെ മൂലധനത്തെ തുല്യ മൂല്യമുള്ള ഒരു കൂട്ടം യൂണിറ്റുകളായി വിഭജിച്ചിരിക്കുന്നു. ഇതിൽ ഒരു യൂണിറ്റിനെ ഓഹരി എന്നു പറയുന്നു. ഓഹരി എടുക്കുന്ന ആളിനെ ഓഹരിയുടമ എന്നു പറയുന്നു. കമ്പനിയുടെ ഉടമസ്ഥർ ഓഹരിയുടമകൾ ആണ്.

### പ്രത്യേകതകൾ (Features)

1. കൃത്രിമ വ്യക്തി (Artificial Person)

നിയമത്താൽ സൃഷ്ടിക്കപ്പെട്ട കൃത്രിമ വ്യക്തിയാണ് കമ്പനി. കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘടനയാണിത്.

2. വേറിട്ട നിയമപരമായ അസ്തിത്വം (Separate legal entity)

രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞാൽ കമ്പനിക്ക് അംഗങ്ങളിൽ നിന്നും വേറിട്ട അസ്തിത്വം ലഭിക്കുന്നു. കമ്പനിക്ക് സ്വന്തം പേരിൽ സ്വത്ത് സമ്പാദിക്കുക, പണം കടം വാങ്ങുക, കടം കൊടുക്കുക, ഉടമ്പടിയിൽ ഏർപ്പെടുക, കേസ് കൊടുക്കുക എന്നീ കാര്യങ്ങൾ ചെയ്യാം.

3. രൂപീകരണം (Formation)

1956-ലെ കമ്പനി നിയമമനുസരിച്ച് രജിസ്റ്റർ ചെയ്താണ് കമ്പനി രൂപീകരിക്കുന്നത്. കമ്പനി നിർബന്ധമായും രജിസ്റ്റർ ചെയ്യണം.

4. സ്ഥായീ ഭാവം (Perpetual succession)

നിയമത്താൽ സൃഷ്ടിക്കപ്പെട്ടതിനാൽ നിയമം വഴി മാത്രമേ കമ്പനിയെ അവസാനിപ്പിക്കാനും സാധിക്കൂ. അംഗങ്ങൾ വന്നാലും പോയാലും കമ്പനി

നിലനിൽക്കും. അംഗങ്ങളുടെ മരണം, പാപ്പരത്തം, ബുദ്ധിഭ്രമം എന്നിവ കമ്പനിയുടെ നിലനിൽപ്പിനെ ബാധിക്കില്ല.

**5. നിയന്ത്രണം (Control)**

കമ്പനിയുടെ ഭരണവും നിയന്ത്രണവും ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ നിക്ഷിപ്തമാണ്. അംഗങ്ങളുടെ പൊതുയോഗത്തിൽ വച്ച് അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർ ആണ് ഡയറക്ടേഴ്സ്.

**6. ബാധ്യത (Liability)**

അംഗങ്ങളുടെ ബാധ്യത അവർ കമ്പനിയിൽ നിക്ഷേപിച്ചിരിക്കുന്ന മൂലധന തുകയിലേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നു. അതായത് കമ്പനിയുടെ ബാധ്യതകൾ തീർക്കാൻ അംഗങ്ങളുടെ സ്വകാര്യസ്വത്ത് ഉപയോഗിക്കാനാവില്ല..

**7. പൊതുവായ മുദ്ര (Common seal)**

കമ്പനി ഒരു കൃത്രിമ വ്യക്തിയായതിനാൽ ഒരുപ്രമാണത്തിലും സ്വന്തം നിലയ്ക്ക് ഒപ്പു വയ്ക്കാനാകില്ല. അതിനാൽ കമ്പനിയുടെ പേര് പതിച്ച സീലാണ് ഒപ്പിടാൻ ഉപയോഗിക്കുന്നത്.

## പലതരം കമ്പനികൾ (Types of companies)

പ്രൈവറ്റ് കമ്പനി, പബ്ലിക് കമ്പനി എന്നിങ്ങനെ രണ്ടു തരത്തിലുള്ള കമ്പനികളുണ്ട്.

## പ്രൈവറ്റ് കമ്പനി (Private Company)

ഒരു പ്രൈവറ്റ് കമ്പനി അതിന്റെ നിയമാവലി പ്രകാരം

a) ഓഹരികൾ കൈമാറാനുള്ള അംഗങ്ങളുടെ അവകാശം നിയന്ത്രിച്ചിരിക്കുന്നു.

b) കുറഞ്ഞത് രണ്ട് അംഗങ്ങളും പരമാവധി ഇരുനൂറ് അംഗങ്ങളും ഉണ്ടായിരിക്കും.

c) ഓഹരികൾ വാങ്ങുവാൻ പൊതുജനങ്ങളെ ക്ഷണിക്കാൻ കഴിയില്ല.

ഒരു പ്രൈവറ്റ് കമ്പനി അതിന്റെ പേരിനോടൊപ്പം പ്രൈവറ്റ് ലിമിറ്റഡ് എന്ന് ചേർത്തിരിക്കണം. മുകളിൽ പറഞ്ഞ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാൽ അത് പ്രൈവറ്റ് കമ്പനി അല്ലാതായി തീരുകയും പ്രൈവറ്റ് കമ്പനിക്കുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയും ചെയ്യും.

## പബ്ലിക് കമ്പനി(Public Company)

ഇന്ത്യൻ കമ്പനി നിയമപ്രകാരം താഴെപ്പറയുന്ന പ്രത്യേകതകൾ ഉള്ള കമ്പനി പബ്ലിക് കമ്പനിയാണ്

1 ) കുറഞ്ഞത് 7 അംഗങ്ങൾ, പരമാവധി അംഗങ്ങൾക്ക് പരിധി ഇല്ല.

2 ) ഓഹരി കൈമാറ്റത്തിന് നിയന്ത്രണമില്ല.

3 ) ഓഹരികൾ വാങ്ങുന്നതിന് പൊതുജനങ്ങളെ ക്ഷണിക്കുവാൻ നിരോധനമില്ല.

## പ്രൈവറ്റ് കമ്പനിയും പബ്ലിക് കമ്പനിയും തമ്മിലുള്ള വ്യത്യാസങ്ങൾ

**(Differences between Public company and private company)**

| അടിസ്ഥാനം | പബ്ലിക് കമ്പനി | പ്രൈവറ്റ് കമ്പനി |
|---|---|---|
| 1. അംഗങ്ങൾ | കുറഞ്ഞത്-7<br>പരമാവധി- പരിധിയില്ല | കുറഞ്ഞത്-2<br>പരമാവധി-200 |
| 2.മിനിമം ഡയറക്ടേഴ്സ് | 3 | 2 |
| 3.അംഗങ്ങളുടെ സൂചിക | നിർബന്ധമാണ് | നിർബന്ധമില്ല |
| 4.ഓഹരി കൈമാറ്റം. | നിയന്ത്രണമില്ല | നിയന്ത്രണമുണ്ട് |
| 5 .പ്രോസ്പെക്ടസ് | പുറപ്പെടുവിക്കാൻ സാധിക്കും | പുറപ്പെടുവിക്കാൻ സാധിക്കില്ല |

# CHAPTER 4

# ബിസിനസ് സേവനങ്ങൾ

## ( BUSINESS SERVICES)

## വാണിജ്യ ബാങ്കുകൾ(Commercial banks)

പണവും വായ്പയും കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളാണ് വാണിജ്യ ബാങ്കുകൾ. ഇവയെ നിയന്ത്രിക്കുന്നത് 1949-ലെ ഇന്ത്യൻ ബാങ്കിങ് റെഗുലേഷൻ നിയമമാണ്. രണ്ടു തരത്തിലുള്ള വാണിജ്യ ബാങ്കുകൾ ആണുള്ളത്.

a)പൊതുമേഖലാ ബാങ്കുകൾ

ഗവൺമെന്റിന് മുഖ്യ അവകാശമുള്ള ബാങ്കുകളാണ് പൊതുമേഖലാ ബാങ്കുകൾ. ലാഭത്തേക്കാളുപരി സാമൂഹ്യ ലക്ഷ്യങ്ങൾക്കാണ് ഇവ ഊന്നൽ നൽകുന്നത്. ഉദാ: SBI, PNB, IOB, Canara Bank etc

b)സ്വകാര്യമേഖലാ ബാങ്കുകൾ

സ്വകാര്യവ്യക്തികൾ ഉടമസ്ഥത വഹിക്കുകയും നിയന്ത്രിക്കുകയും ഭരണം നടത്തുകയും ചെയ്യുന്ന ബാങ്കുകളാണ് സ്വകാര്യമേഖലാ ബാങ്കുകൾ. ലാഭത്തിനാണ് ഇവ കൂടുതൽ ഊന്നൽ നൽകുന്നത്. ഉദാ:HDFC,ICICI, Kotak Mahindra etc.

## വാണിജ്യ ബാങ്കുകളുടെ ധർമ്മങ്ങൾ (Functions of commercial banks)

### 1.നിക്ഷേപങ്ങൾ സ്വീകരിക്കുക ( Acceptance of deposits)

പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കലാണ് വാണിജ്യ ബാങ്കിന്റെ പ്രധാന ധർമ്മംപൊതുജനങ്ങളിൽ നിന്നും . നിക്ഷേപമായി ലഭിക്കുന്ന പണത്തിൽ നിന്നാണ് ബാങ്കുകൾ വായ്പ നൽകുന്നത്.

**പ്രധാന നിക്ഷേപങ്ങൾ ( Important types of deposits))**

**a) കറണ്ട് അക്കൗണ്ട് (Current account)**

ബിസിനസുകാർക്ക് അനുയോജ്യമായ നിക്ഷേപമാണിത്. ഒരു ദിവസം എത്ര പണം വേണമെങ്കിലും എത്ര തവണ വേണമെങ്കിലും നിക്ഷേപിക്കാം. അക്കൗണ്ടിലെ പണലഭ്യതയനുസരിച്ച് എത്ര തുക വേണമെങ്കിലും പിൻവലിക്കാം.

**b) സേവിങ്സ് അക്കൗണ്ട് (Savings account)**

ആളുകളിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിച്ചുള്ളവയാണ് സേവിംഗ് അക്കൗണ്ട്. ഈ നിക്ഷേപത്തിന് ബാങ്കുകൾ റിസർവ് ബാങ്ക് നിശ്ചയിക്കുന്ന പലിശ നൽകും. ഒരു വ്യക്തിക്ക് എത്ര തുക വേണമെങ്കിലും എത്ര തവണ വേണമെങ്കിലും നിക്ഷേപിക്കാം. എന്നാൽ പിൻവലിക്കാവുന്ന തുക, തവണ എന്നിവയുടെ കാര്യത്തിൽ നിയന്ത്രണങ്ങളുണ്ട്.

**c) സ്ഥിര നിക്ഷേപം (Fixed deposit)**

ഒരുവർഷം, മൂന്നുവർഷം, അഞ്ച് വർഷംഎന്നിങ്ങനെ നിശ്ചിത കാലയളവിലേക്ക് നടത്തുന്ന നിക്ഷേപമാണ് സ്ഥിരനിക്ഷേപം. ഇതിന് സേവിങ്സ് നിക്ഷേപത്തേക്കാൾ ഉയർന്ന പലിശ ലഭിക്കും. കാലാവധി പൂർത്തിയാകുന്നതിനു മുൻപ് പണം പിൻവലിച്ചാൽ ബാങ്ക് ചെറിയ പിഴപ്പലിശ ഈടാക്കും

### 2.പണം വായ്പ നൽകുക (Lending of funds)

ഇടപാടുകാർക്ക് പണം വായ്പ നൽകലാണ് വാണിജ്യ ബാങ്കുകളുടെ മറ്റൊരു പ്രധാന ധർമ്മംഇത് ലോണുകൾ ., ഓവർഡ്രാഫ്റ്റ്, ക്യാഷ് ക്രെഡിറ്റ്, ബില്ല് ഡിസ്കൗണ്ട് ചെയ്യൽ, കൺസ്യൂമർ ലോണുകൾ എന്നിവയാണ്.

### 3. ചെക്ക് സൗകര്യങ്ങൾ (Cheque facility)

മറ്റു ബാങ്കുകളുടെ പേരിൽ എഴുതപ്പെടുന്ന ചെക്കുകളുടെ പണം ശേഖരിക്കാനുള്ള സൗകര്യം ബാങ്കുകൾ ഇടപാടുകാർക്ക് നൽകുന്നു. പണം പിൻവലിക്കാനും പണം നൽകാനും ചെക്കുകൾ ഉപയോഗിക്കാം. രണ്ടു തരത്തിലുള്ള ചെക്കുകൾ ആണുള്ളത്.

a) ബെയറർ ചെക്ക്- ബാങ്കിന്റെ കൗണ്ടറിൽ കൊടുത്ത് അപ്പോൾ തന്നെ പണം വാങ്ങാം.

b) ക്രോസ്ഡ് ചെക്ക് - ചെക്കിലെ തുക പണം ലഭിക്കേണ്ട ആളിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നു

### 4. പണം അടയ്ക്കൽ (Remittance of funds)

ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് ബാങ്ക് സഹായിക്കുന്നു .ഒരു വ്യക്തിക്ക് പണം കൈമാറണമെങ്കിൽ അയാൾ ഒരു ബാങ്കിൽ നിന്നും ഡിമാൻഡ് ഡ്രാഫ്റ്റ് (ഡി ഡി) വാങ്ങണം. ബാങ്ക് ആ സ്ഥലത്തുള്ള തങ്ങളുടെ ബ്രാഞ്ചിന്റേയോ മറ്റു ബാങ്കിന്റേയോ പേരിൽ ഡി ഡി എഴുതുന്നു. ഈ ഡി ഡി പണം കിട്ടേണ്ട ആളിന് പോസ്റ്റ് വഴി അയച്ചു കൊടുക്കുന്നു. പണം കിട്ടേണ്ട ആൾ ഈ ഡിഡി തന്റെ ബാങ്കിൽ ഹാജരാക്കി തുക കളക്ട് ചെയ്യുന്നു.

### 5. അനുബന്ധ സേവനങ്ങൾ (Allied services)

ബില്ലിന്റെ പണം അടയ്ക്കുക, ലോക്കർ സൗകര്യം, ഓഹരികൾ വാങ്ങുകയും വിൽക്കുകയും ചെയ്യുക, വാടക, ഇൻഷുറൻസ് പ്രീമിയം എന്നിവ അടയ്ക്കുക, ലാഭവിഹിതം കളക്ട് ചെയ്യുക മുതലായ സേവനങ്ങളും ബാങ്കുകൾ ചെയ്യുന്നു.

### ഇ - ബാങ്കിങ്ങ് (e-Banking)

ഇലക്ട്രോണിക് ബാങ്കിങ്ങ് അല്ലെങ്കിൽ ഇലക്ട്രോണിക് മാധ്യമം വഴിയുള്ള ബാങ്കിങ്ങ് ആണ് ഈ ബാങ്കിങ്ങ് . ഈ സേവനം വഴി ബാങ്കുകൾ ഇടപാടുകാർക്ക് കമ്പ്യൂട്ടറോ, മൊബൈൽ ഫോണോ ഉപയോഗിച്ച ബാങ്ക് ഇടപാടുകൾ നടത്താനുള്ള സൗകര്യം നൽകുന്നു. ഇടപാടുകാർക്ക് സമ്പാദ്യങ്ങൾ കൈകാര്യം ചെയ്യൽ, അക്കൗണ്ട് പരിശോധിക്കൽ, വായ്പയ്ക്ക് അപേക്ഷ നൽകൽ, ബില്ലുകളുടെ പണമടയ്ക്കൽ തുടങ്ങിയവ ഇതുവഴി ചെയ്യാനാകും. ഇതിൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ, എടിഎം, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, ഡിജിറ്റൽ ക്യാഷ് എന്നിവ ഉൾപ്പെടുന്നു

## ഇൻഷുറൻസ്( Insurance)

ഇൻഷുർ ചെയ്ത കക്ഷിക്ക് ധനപരമായ താല്പര്യമുള്ള വസ്തുവിന്, അപ്രതീക്ഷിതമായ എന്തെങ്കിലും സംഭവം മൂലം, നഷ്ടമോ, കേടുപാടോ, പരിക്കോ, സംഭവിച്ചാൽ, ആ കക്ഷിക്ക് നിശ്ചിത തുക നഷ്ടപരിഹാരമായി നൽകാമെന്ന് മറ്റൊരു കക്ഷി പ്രീമിയം പ്രതിഫലമായി കൈപ്പറ്റി കൊണ്ട് ഉണ്ടാക്കുന്ന ഉടമ്പടിയാണ് ഇൻഷുറൻസ്. ഇൻഷുറൻസിൽ താഴെപ്പറയുന്ന രണ്ടു കക്ഷികൾ ഉണ്ട്

a) ഇൻഷ്വേർഡ്(Insured)

ആരുടെ ജീവനോ സ്വത്തോ ആണ് നഷ്ടസാധ്യതയ്ക്കെതിരെ ഇൻഷുർ ചെയ്യുന്നത് അയാളാണ് ഇൻഷ്വേർഡ്.

b) ഇൻഷുററർ (Insurer)

നഷ്ടസാധ്യത ഇൻഷുർ ചെയ്യുന്ന സ്ഥാപനമാണ് ഇൻഷുററർ.

പ്രീമിയം (Premium)

നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ഇൻഷേർഡ് ഇൻഷുററർക്ക് നൽകുന്ന പ്രതിഫലമാണ് പ്രീമിയം.

പോളിസി (Policy)

ഇൻഷുറൻസിന്റെ വ്യവസ്ഥകൾ അടങ്ങിയ പ്രമാണമാണ് പോളിസി

വിഷയവസ്തു (Subject matter)

ഇൻഷുർ ചെയ്യപ്പെടുന്ന ജീവൻ അല്ലെങ്കിൽ വസ്തുവാണ് വിഷയവസ്തു.

## ഇൻഷുറൻസിന്റെ തത്വങ്ങൾ(Principles of insurance)

### 1. പരമമായ ഉത്തമവിശ്വാസം(Utmost good faith)

ഇൻഷുറൻസ് ഒരു ഉബരി മേ ഫിഡേ ഉടമ്പടിയാണ്. അതായത് ഉത്തമവിശ്വാസത്തിൽ അധിഷ്ഠിതമായ ഉടമ്പടി. ഇൻഷുററും ഇൻഷേർഡും പരസ്പരം ഉത്തമവിശ്വാസം പുലർത്തണം.വിഷയ വസ്തുവിനെക്കുറിച്ച് തനിക്കറിയാവുന്ന മുഴുവൻ കാര്യങ്ങളും ഇൻഷേർഡ് ഇൻഷുററോട് വെളിപ്പെടുത്തിയിരിക്കണം. അതുപോലെ ഇൻഷുററർ പോളിസിയിലെ എല്ലാ വ്യവസ്ഥകളും ഇൻഷേർഡിനോട് വ്യക്തമാക്കി കൊടുക്കണം.

### 2.ഇൻഷുർ ചെയ്യാനുള്ള താൽപര്യം (Insurable interest)

ഇൻഷേർഡിന് വിഷയ വസ്തു ഇൻഷുർ ചെയ്യാനുള്ള താല്പര്യം ഉണ്ടായിരിക്കണം. പണപരമായ താൽപര്യമാണ് ഇൻഷുർ ചെയ്യാനുള്ള താല്പര്യം എന്നു പറയുന്നത്. ഒരു വ്യക്തിക്ക് വിഷയ വസ്തുവിൽ ഇൻഷുർ ചെയ്യാനുള്ള താൽപര്യം ഉണ്ടാകുന്നത് ആ വസ്തു സുരക്ഷിതമായി നിലനിൽക്കുകയാണെങ്കിൽ അയാൾക്ക് നേട്ടവും കേടുപാടോ നാശമോ ഉണ്ടാകുമ്പോൾ അയാൾക്ക് സാമ്പത്തിക നഷ്ടവും സംഭവിക്കുമ്പോഴാണ്.

### 3. നഷ്ട ഉത്തരവാദിത്വം(Indemnity)

നഷ്ടം നികത്തി കൊടുക്കുന്നതിനാണ് നഷ്ടഉത്തരവാദിത്വം എന്ന് പറയുന്നത്. അതായത് പോളിസിയിൽ പറയുന്ന തുകയിൽ കവിയാത്ത യഥാർത്ഥ നഷ്ടം മാത്രമേ പരിഹാരമായി ഇൻഷുറൻസ് കമ്പനി നൽകുകയുള്ളൂ. അതായത് ഇൻഷുറൻസ് ഉപയോഗിച്ച് ഇൻഷേർഡിന് ലാഭമുണ്ടാക്കാൻ ആവില്ല. ഈ തത്വം ലൈഫ് ഇൻഷുറൻസിൻ ബാധകമല്ല.

### 4. സമീപസ്ഥ കാരണം (Proximate cause or causa proxima)

നഷ്ടം സംഭവിക്കാനുള്ള ഏറ്റവും അടുത്ത കാരണമാണിത്. നഷ്ടം സംഭവിക്കാൻ രണ്ടോ അതിലധികമോ കാരണങ്ങളുണ്ടെങ്കിൽ ഏറ്റവും അടുത്ത കാരണമാണ് പരിഗണിക്കുക. ഏതൊരു വിപത്തിന് എതിരാണോ ഇൻഷുർ ചെയ്തിരിക്കുന്നത് ആ വിപത്ത് മൂലമുണ്ടാകുന്ന നഷ്ടം പരിഹരിച്ചു നല്കാനേ ഇൻഷുറൻസ് കമ്പനിക്ക് ഉത്തരവാദിത്തമുള്ളു.

**5. പരിത്യാഗം (Subrogation)**

നഷ്ടപരിഹാരം ലഭിച്ചുകഴിഞ്ഞാൽ വിഷയ വസ്തുവിലുള്ള എല്ലാ അവകാശങ്ങളും ഇൻഷ്വേർഡ് ഇൻഷുററർക്ക് കൈമാറ്റം ചെയ്യണം.. കേടുപാട് സംഭവിച്ച വസ്തുവിറ്റ് ലാഭമുണ്ടാക്കാൻ ഇൻഷ്വേർഡിന് കഴിയില്ല.

**6. വീതാംശം (Contribution)**

ഈ തത്വം എല്ലാ ഡബിൾ ഇൻഷുറൻസ് ഉടമ്പടിക്കും ബാധകമാണ്. ഡബിൾ ഇൻഷുറൻസിൽ നഷ്ടം എല്ലാ ഇൻഷ്വറർമാരും കൂടി പോളിസി തുകയുടെ അടിസ്ഥാനത്തിൽ വീതം വയ്ക്കണം. അതായത് ഇൻഷ്വേർഡിന് എല്ലാ ഇൻഷുററർമാരിൽ നിന്നും കൂടി യഥാർത്ഥ നഷ്ടമേ ഈടാക്കാൻ കഴിയൂ.

**7. നഷ്ട ലഘൂകരണം (Mitigation of loss)**

ഈ തത്വം അനുസരിച്ച് ഇൻഷുർ ചെയ്ത വസ്തുവിനുണ്ടാകുന്ന നഷ്ടം കുറയ്ക്കാൻ ആവശ്യമായ എല്ലാ നടപടികളും ഇൻഷ്വേർഡ് കൈക്കൊള്ളണം. വസ്തു ഇൻഷുർ ചെയ്തിട്ടുണ്ടെന്നും ഇൻഷുറൻസ് കമ്പനി നഷ്ടപരിഹാരം തന്നു കൊള്ളുമെന്നും കരുതി ആപത്ത് ഉണ്ടാകുമ്പോൾ അലസമായി പ്രവർത്തിക്കാൻ പാടില്ല.

## വെയർഹൗസിങ്( Warehousing)

ഭാവിയിൽ ഡിമാൻഡ് ഉണ്ടാകുമെന്ന് പ്രതീക്ഷയിൽ സാധനങ്ങൾ സൂക്ഷിച്ചുവയ്ക്കുന്ന സ്ഥലമാണ് വെയർഹൗസുകൾ.

## വിവിധതരം വെയർഹൗസുകൾ

**1. സ്വകാര്യ വെയർഹൗസുകൾ (Private warehouses)**

തങ്ങളുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിനായി സ്വകാര്യവ്യക്തികൾ ഉടമസ്ഥത വഹിക്കുകയും പ്രവർത്തിപ്പിക്കുന്നവയുമാണ് സ്വകാര്യ വെയർഹൗസുകൾ.

**2. പൊതു വെയർഹൗസുകൾ (Public warehouses)**

ഒരു നിശ്ചിത ഫീസ് നൽകി വ്യാപാരികൾക്കും പൊതുജനങ്ങൾക്കും തങ്ങളുടെ സാധനങ്ങൾ സൂക്ഷിക്കാൻ കഴിയുന്ന വെയർഹൗസ് ആണിത്. ഇത്തരം വെയർഹൗസുകൾ നടത്താൻ ഗവൺമെന്റ് സ്വകാര്യവ്യക്തികൾക്ക് ലൈസൻസ് നൽകുകയും ഇവയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു.

**3. ബോണ്ടഡ് വെയർഹൗസുകൾ (Bonded warehouses)**

ഇറക്കുമതി ചെയ്ത സാധനങ്ങൾ കസ്റ്റംസ് ഡ്യൂട്ടി അടച്ചു തീരുന്നതുവരെ സൂക്ഷിച്ച് വക്കുന്നതിന് ഗവൺമെന്റ് ലൈസൻസോടുകൂടി പ്രവർത്തിക്കുന്നവയാണ് ഇത്. തുറമുഖങ്ങൾക്കടുത്താണ് ഇവ സ്ഥാപിക്കുന്നത്. കസ്റ്റംസ് ഡ്യൂട്ടി തവണകളായി നൽകി ഇറക്കുമതി സാധനങ്ങൾ ഭാഗികമായി എടുക്കാവുന്നതാണ്.

**4. ഗവൺമെന്റ് വെയർഹൗസുകൾ (Government warehouses)**

ഗവൺമെന്റിന്റെ പൂർണ്ണമായ ഉടമസ്ഥതയിലും ഭരണത്തിലും ഉള്ളവയാണ് ഗവൺമെന്റ് വെയർഹൗസുകൾ.eg: ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, സ്റ്റേറ്റ് ട്രേഡിങ് കോർപ്പറേഷൻ, സെൻട്രൽ വെയർഹൗസിങ് കോർപ്പറേഷൻ.

**5. സഹകരണ വെയർഹൗസുകൾ(Co-Operative warehouses)**

തങ്ങളുടെ അംഗങ്ങൾക്ക് അവരുടെ സാധനങ്ങൾ സൂക്ഷിച്ചു വയ്ക്കുന്നതിനായി ചില വിപണന സഹകരണസംഘങ്ങളും കാർഷിക സഹകരണസംഘങ്ങളും വെയർഹൗസുകൾ സ്ഥാപിക്കുന്നു.

# CHAPTER 5

# ബിസിനസ്സിൽ ഉദിച്ചുവരുന്ന രീതികൾ

## ( EMERGING MODES OF BUSINESS)

## ഇ- ബിസിനസ് (e-Business)

കമ്പ്യൂട്ടർ നെറ്റ് വർക്ക് വഴി വ്യവസായം, വ്യാപാരം, വാണിജ്യം എന്നിവ നടത്തുന്നതിന് ഇ- ബിസിനസ് എന്ന് പറയുന്നു.

ഇ- ബിസിനസ്സും ഇ-കൊമേഴ്സും ഒന്നല്ല.

ഇ-കൊമേഴ്സും കൂടി ഉൾപ്പെടുന്ന വിശാലമായ ഒരു പദമാണ് ഇ-ബിസിനസ്. ഓൺലൈനായി സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണ് ഇ-കൊമേഴ്സ്. ഇ-ബിസിനസിൽ ഇ-കൊമേഴ്സ് മാത്രമല്ല ഉൽപാദനം, ഇൻവെന്ററി മാനേജ്മെന്റ്, ഉൽപ്പന്ന വികസനം, അക്കൗണ്ടിങ്, മനുഷ്യവിഭവ മാനേജ്മെന്റ് എന്നിവയും ഉൾപ്പെടുന്നു.

### ഇ- ബിസിനസ് സാധ്യതകൾ

**1. B 2 B ഇടപാടുകൾ**

ഇലക്ട്രോണിക് സഹായത്തോടെ രണ്ട് ബിസിനസ് സ്ഥാപനങ്ങൾ നടത്തുന്ന ഇടപാടാണ് B2B ഇടപാട്. ഉദാ: സപ്ലയറുടെ പക്കൽ ഓർഡർ നൽകുക.

**2. B 2 C ഇടപാട്**

ബിസിനസും ഉപഭോക്താവും തമ്മിൽ നടക്കുന്ന ഇടപാടാണ് B2C ഇടപാട്. ഉദാ: ഉപഭോക്താവ് ബിസിനസിന് ഓൺലൈനായി ഓർഡർ നൽകുന്നു.

3. ഇൻട്രാ ബി ഇടപാടുകൾ

ഒരു സ്ഥാപനത്തിലെ വിവിധ വ്യക്തികൾ തമ്മിലോ വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിലോ ഓൺലൈനായി നടക്കുന്ന ഇടപാടാണ് ഇൻട്രാ ബി ഇടപാട്. ഉദാ: മാർക്കെറ്റിങ്ങ് ഡിപാർട്ട്മെന്റും പ്രൊഡക്ഷൻ ഡിപാർട്ട്മെന്റും തമ്മിൽ

4. C 2 C ഇടപാട്

രണ്ടോ അതിലധികമോ ഉപഭോക്താക്കൾ തമ്മിൽ നടക്കുന്ന ഇടപാടാണ് C2C. ഉദാ: OLX

## പരമ്പരാഗത ബിസിനസും ഇ- ബിസിനസ്സും- വ്യത്യാസങ്ങൾ

| അടിസ്ഥാനം | പരമ്പരാഗത ബിസിനസ് | ഇ- ബിസിനസ് |
|---|---|---|
| 1. രൂപീകരണം | ബുദ്ധിമുട്ടാണ് | എളുപ്പമാണ് |
| 2. ഭൗതിക സാന്നിധ്യം | ആവശ്യമുണ്ട് | ആവശ്യമില്ല |
| 3. പ്രവർത്തന ചെലവ് | കൂടുതൽ | കുറവ് |
| 4.വ്യക്തി ബന്ധത്തിനുള്ള അവസരം | കൂടുതലാണ് | കുറവാണ് |
| 5. സ്ഥാപിക്കാനുള്ള ചെലവ് | കൂടുതലാണ് | കുറവാണ് |
| 6. ബിസിനസ് വിപുലീകരണം | ബുദ്ധിമുട്ടാണ് | സാധ്യമാണ് |

## പുറംജോലിക്കരാർ Business Process Outsourcing-BPO)

പുറത്തുള്ള ഏജൻസിയെക്കൊണ്ട് ബിസിനസ് ജോലികൾ ചെയ്യുന്നതാണ് ബിപിഒ

### പ്രത്യേകതകൾ (Features)

1. പുറത്തേക്ക് കരാർ കൊടുക്കുന്നു

ബിസിനസിലെ ചില ജോലികൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ പുറത്തുള്ള ഏജൻസികൾക്ക് കൊടുക്കുന്നു. ഉദാ: ഒരു ആശുപത്രി ശുചീകരണ ജോലി ബാഹ്യ ഏജൻസിയെ ഏൽപ്പിക്കുന്നു.

2. കാതലല്ലാത്ത ജോലികളാണ് പുറംജോലിക്കരാർ നൽകുന്നത്

കാതൽ അല്ലാത്ത ജോലികൾ മാത്രമാണ് ബാഹ്യ ഏജൻസികളെ ഏൽപ്പിക്കുന്നത്. ഉദാ: ഒരു സ്കൂൾ കാന്റീൻ നടത്താനുള്ള ജോലി ബാഹ്യ ഏജൻസിക്ക് നൽകുന്നു.

3. പ്രവർത്തനങ്ങളെ ഒരു ക്യാപ്റ്റീവ് യൂണിറ്റിനെ ഏൽപ്പിക്കുക

ചില ജോലികൾ ആഭ്യന്തരമായി നിർവഹിക്കുക ബുദ്ധിമുട്ടാണെങ്കിൽ അവ ഒരു ക്യാപ്റ്റീവ് യൂണിറ്റിന് ഏൽപ്പിച്ചു കൊടുക്കുന്നതാണ് നല്ലത്. ഒരു സ്ഥാപനത്തിന് മാത്രം സേവനം ചെയ്യുന്നവയാണ് ക്യാപ്റ്റീവ് യൂണിറ്റ്.

**പുറംജോലിക്കരാറിന്റെ ആവശ്യകത/ നേട്ടങ്ങൾ (Need for outsourcing (Benefits)**

**1. ശ്രദ്ധ കേന്ദ്രീകരിക്കൽ**

ബിപിഒ ഒരു ബിസിനസിന് അതിന് ഏറ്റവും കഴിവുറ്റ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായിക്കുന്നു.

**2. മികവിനുള്ള അന്വേഷണം**

കാതൽ അല്ലാത്ത ജോലികൾ ആ ജോലികളിൽ മികവുള്ള വർക്ക് ഏൽപ്പിച്ചുകൊടുത്താൽ ബിസിനസിന് മികവ് കൂട്ടാം.

**3. ചെലവ് കുറയ്ക്കൽ**

ചില പ്രവർത്തികൾ അവയിൽ വൈദഗ്ദ്ധ്യം ഉള്ളവർക്ക് ഏൽപ്പിച്ചു കൊടുക്കുന്നത് വഴി ബിസിനസ് അതിന്റെ പ്രവർത്തന ചെലവ് കുറയ്ക്കാം.

**4. സഖ്യം വഴിയുള്ള വളർച്ച**

പുറം ജോലിക്ക് ഏൽപ്പിച്ച പ്രവർത്തനങ്ങളിൽ ബിസിനസിന് നിക്ഷേപം നടത്തേണ്ടി വരുന്നില്ല. ഇത് കുറഞ്ഞ മൂലധനം കൊണ്ട് കൂടുതൽ വളർച്ച നേടാൻ ബിസിനസിനെ സഹായിക്കുന്നു.

**5. സാമ്പത്തിക വികസനത്തിനുള്ള പ്രോത്സാഹനം**

സംരംഭകത്വം, തൊഴിൽ, കയറ്റുമതി എന്നിവയെ പുറംജോലിക്കരാർ ഉത്തേജിപ്പിക്കുന്നു. ഇത് സാമ്പത്തിക വികസനത്തിലേക്ക് നയിക്കുന്നു.

# CHAPTER 6

## ബിസിനസിന്റെ സാമൂഹിക ഉത്തരവാദിത്വവും സദാചാരവും

## ( Social Responsibilities of Business and Business ethics)

സമൂഹത്തിന്റെ ലക്ഷ്യങ്ങൾക്കും മൂല്യങ്ങൾക്കും അനുസരിച്ചുള്ള തീരുമാനങ്ങൾ എടുക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉള്ള ബിസിനസിന്റെ കടമയാണ് സാമൂഹിക ഉത്തരവാദിത്വം

### സാമൂഹ്യ ഉത്തരവാദിത്വത്തിന് അനുകൂലമായ വാദങ്ങൾ (Arguments for social responsibility)

**1. നിലനിൽപ്പിനും വളർച്ചയ്ക്കും ഉള്ള ന്യായീകരണം**

സമൂഹത്തിന് തുടർച്ചയായി സേവനങ്ങൾ ചെയ്താൽ മാത്രമേ ബിസിനസിന്റെ നിലനിൽപ്പും വളർച്ചയും സാധ്യമാകുകയുള്ളൂ. അതിനാൽ നിലനില്പിനും വളർച്ചയ്ക്കും വേണ്ടി ബിസിനസ് സാമൂഹിക ഉത്തരവാദിത്വം ഏറ്റെടുക്കണം.

**2. സ്ഥാപനത്തിന്റെ ദീർഘകാല താല്പര്യം**

തങ്ങളുടെ താൽപര്യങ്ങൾ ബിസിനസ് സംരക്ഷിക്കുന്നില്ല എന്ന് തൊഴിലാളികൾ, ഉപഭോക്താക്കൾ, ഗവൺമെന്റ് എന്നിവർക്ക് തോന്നിയാൽ അവർ ബിസിനസിനുള്ള പിന്തുണ പിൻവലിക്കും. അതിനാൽ സാമൂഹിക ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് ബിസിനസിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അത്യാവശ്യമാണ്.

**3. ഗവൺമെന്റ് നിയന്ത്രണം ഒഴിവാക്കുക**

തങ്ങളുടെ സ്വാതന്ത്ര്യം പരിമിതപ്പെടുത്തുന്നതിനാൽ ഒരു ബിസിനസ് സ്ഥാപനവും ഗവൺമെന്റ് നിയന്ത്രണം ആഗ്രഹിക്കുന്നില്ല. സ്വമേധയാ സാമൂഹ്യ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നത് വഴി ബിസിനസിന് ഗവൺമെന്റ് നിയന്ത്രണം ഒഴിവാക്കാൻ സാധിക്കും.

**4. സമൂഹത്തെ നിലനിർത്തുക**

തങ്ങൾക്കു വേണ്ടത് ബിസിനസിൽ നിന്നും ലഭിക്കുന്നില്ല എന്ന തോന്നൽ ആളുകളെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്താൻ പ്രേരിപ്പിക്കുന്നു. അതുകൊണ്ട് സാമൂഹ്യ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതാണ് ബിസിനസിന് അഭികാമ്യം.

**5. ബിസിനസിന് ലഭ്യമായ വിഭവങ്ങൾ**

സമൂഹത്തിലെ വിലയേറിയ ഭൗതിക മാനുഷിക വിഭവങ്ങളാണ് ബിസിനസ് കൈവശം വച്ചിരിക്കുന്നത്. ഇവ സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കും.

**6. ബിസിനസ് ചെയ്യാനുള്ള നല്ല അന്തരീക്ഷം സൃഷ്ടിക്കുക**

സങ്കീർണ്ണമായ പ്രശ്നങ്ങൾ നിറഞ്ഞ സമൂഹത്തിൽ പ്രവർത്തിക്കേണ്ടി വന്നാൽ, ബിസിനസിന് വളരെ കുറഞ്ഞ വിജയസാധ്യതയേയുള്ളൂ. പ്രശ്നങ്ങൾ കുറഞ്ഞ ഒരു സമൂഹം നല്ല രീതിയിൽ ബിസിനസ് നടത്തുന്നതിനുള്ള ഒരു അന്തരീക്ഷം പ്രദാനം ചെയ്യുന്നു.

**7. സാമൂഹ്യ പ്രശ്നങ്ങൾക്ക് ബിസിനസുകൾ ഉത്തരവാദികൾ ആകുന്നു**

അന്തരീക്ഷ മലിനീകരണം, സുരക്ഷിതമല്ലാത്ത ജോലിസ്ഥലം മുതലായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ബിസിനസുകൾ ആണെന്ന് ചിലർ വാദിക്കുന്നു. അതിനാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് ബിസിനസിന്റെ ധാർമ്മിക ബാധ്യതയാണ്.

## സാമൂഹ്യ ഉത്തരവാദിത്വത്തിന് എതിരായ വാദങ്ങൾ (Arguments against social responsibility)

**1.ലാഭം പരമാവധിയാക്കൽ എന്ന ലക്ഷ്യത്തിന്റെ ലംഘനമാണ്**

ഈ വാദമനുസരിച്ച് ബിസിനസ് നിലനിൽക്കുന്നതുതന്നെ ലാഭം വർധിപ്പിക്കുന്നതിനാണ്. അതിനാൽ സാമൂഹിക ഉത്തരവാദിത്തത്തെ കുറിച്ചുള്ള ഏതൊരു വാദവും ഈ ലക്ഷ്യത്തിന് എതിരാണ്.

**2. ഉപഭോക്താക്കളുടെ മേൽ ഭാരം ഉണ്ടാകുന്നു**

മലിനീകരണ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണം മുതലായ സാമൂഹിക ഉത്തരവാദിത്വങ്ങൾ വളരെ ചെലവേറിയതാണ്. ഈ സാഹചര്യത്തിൽ സാധനങ്ങൾക്ക് അമിതവില ചുമത്തി ബിസിനസ് ഈ ഭാരം ഉപഭോക്താക്കളുടെ ചുമലിലേക്ക് മാറ്റുന്നു.

**3. ബിസിനസിന്റെ കഴിവില്ലായ്മ**

സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വേണ്ടത്ര അറിവും പരിശീലനവും ബിസിനസ്സുകാർക്ക് ഇല്ല. അതിനാൽ സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് മറ്റ് സവിശേഷ ഏജൻസികളാണ്.

**4. പൊതുജനപിന്തുണയുടെ അഭാവം**

സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബിസിനസ്സുകാർ ഇടപെടുന്നത് പൊതുവേ പറഞ്ഞാൽ ജനങ്ങൾ ഇഷ്ടപ്പെടുന്നില്ല..

## സാമൂഹിക ഉത്തരവാദിത്തം - പലതരം (Kinds of social responsibility)

### 1. സാമ്പത്തിക ഉത്തരവാദിത്തം (Economic responsibility)

ഒരു ബിസിനസ് സ്ഥാപനം അടിസ്ഥാനപരമായി സാമ്പത്തിക സ്ഥാപനമാണ്. അതിനാൽ ബിസിനസിന്റെ പ്രാഥമിക സാമൂഹിക ഉത്തരവാദിത്തം സാമ്പത്തികമാണ്. അതായത് സമൂഹം ആഗ്രഹിക്കുന്ന സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കുകയും അവ ലാഭത്തിൽ വിൽക്കുകയും ചെയ്യുക.

### 2. നിയമപരമായ ഉത്തരവാദിത്തം (Legal responsibility)

രാജ്യത്തെ നിയമം അനുസരിച്ച് പ്രവർത്തിക്കുക എന്നുള്ളത് ഏതൊരു ബിസിനസിന്റേയും ഉത്തരവാദിത്തമാണ്. നിയമം അനുസരിക്കുന്ന സ്ഥാപനം സമൂഹത്തോട് ഉത്തരവാദിത്തമുള്ള സ്ഥാപനം കൂടിയായിരിക്കും.

### 3. ധാർമിക ഉത്തരവാദിത്തം (Ethical responsibility)

നിയമങ്ങളിൽ പറഞ്ഞിട്ടില്ലാത്തതും എന്നാൽ ഒരു ബിസിനസ് സ്ഥാപനത്തിൽനിന്നും സമൂഹം പ്രതീക്ഷിക്കുന്നതുമായ പെരുമാറ്റമാണ് ഇത്. ഉദാ:ന്യായമായ വ്യാപാര രീതികൾ ഉപയോഗിക്കുക, ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള സാധനങ്ങൾ നൽകുക

### 4. വിവേചന ഉത്തരവാദിത്തം (Discretionary responsibility)

ആരും നിർബന്ധിക്കാതെ സ്വമേധയാ ബിസിനസ് ഏറ്റെടുക്കുന്ന ഉത്തരവാദിത്തമാണ് ഇത്. ഉദാ:വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സംഭാവന നൽകുക, വെള്ളപ്പൊക്കം ഭൂകമ്പം മുതലായ ദുരിതങ്ങളിൽ അകപ്പെട്ടവരെ സഹായിക്കുക

## വിവിധ ഗ്രൂപ്പുകളോടുള്ള സാമൂഹിക ഉത്തരവാദിത്തം

**(Social responsibility towards different interest groups)**

**1. ഉടമസ്ഥരോടുള്ള ഉത്തരവാദിത്തം (Responsibility towards owners)**

ഓഹരി ഉടമകൾക്കും ഉടമസ്ഥർക്കും അവർ നിക്ഷേപിച്ച പണത്തിന് ന്യായമായ പ്രതിഫലം നൽകുക എന്നതും, അവരുടെ നിക്ഷേപത്തിന്റെ സുരക്ഷ ഉറപ്പാക്കുക എന്നതും ഒരു ബിസിനസിന്റെ ഉത്തരവാദിത്വമാണ്. ബിസിനസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൃത്യമായ മുഴുവൻ വിവരങ്ങളും ഇവർക്ക് ലഭ്യമാക്കുകയും വേണം.

**2. തൊഴിലാളികളോടുള്ള ഉത്തരവാദിത്തം(Responsibility towards employees)**

തൊഴിലാളികൾക്ക് സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുക, ന്യായമായ കൂലി നൽകുക, തൊഴിൽ സംഘടനകൾ ഉണ്ടാക്കുന്നതിനുള്ള അവരുടെ ജനാധിപത്യപരമായ അവകാശത്തെ അംഗീകരിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**3. ഉപഭോക്താക്കളോടുള്ള ഉത്തരവാദിത്തങ്ങൾ(Responsibility towards customers)**

ന്യായമായ വിലയ്ക്ക്,ശരിയായ അളവിലും ഗുണത്തിലും ഉള്ള സാധനങ്ങളും സേവനങ്ങളും ഉപഭോക്താക്കൾക്ക് നൽകണം. മായം ചേർക്കൽ, തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ, ഗുണനിലവാരമില്ലാത്ത സാധനങ്ങൾ എന്നീ കാര്യങ്ങൾ ചെയ്യാൻ പാടില്ല.

**4. ഗവൺമെന്റിനോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്തം(Responsibility towards government and socirty)**

ഒരു ബിസിനസ് സ്ഥാപനം രാജ്യത്തെ നിയമങ്ങളെ ബഹുമാനിക്കുകയും കൃത്യമായും സത്യസന്ധമായും നികുതികൾ നൽകുകയും വേണം. പരിസ്ഥിതി സംരക്ഷിക്കുകയും വൃത്തിയില്ലാത്ത പ്രവർത്തന അന്തരീക്ഷം ഒഴിവാക്കുകയും വേണം..

## ബിസിനസും പരിസ്ഥിതി സംരക്ഷണവും (Business and environmental protection)

പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ മനുഷ്യന്റെ ചുറ്റുപാടുകളുടെ ആകെത്തുകയാണ് പരിസ്ഥിതി. ബിസിനസിലെ പ്രവർത്തനങ്ങൾ പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്നു.

## മലിനീകരണം (Pollution)

വിനാശകരമായ വസ്തുക്കൾ പരിസ്ഥിതിയിലേക്ക് സന്നിവേശിപ്പിക്കുന്നതാണ് മലിനീകരണം. ഇത് മാനവരാശിക്ക് മാത്രമല്ല മറ്റു ജീവിവർഗ്ഗങ്ങൾക്കും വിനാശകരമാണ്.

**മലിനീകരണം- തരങ്ങൾ (Types of pollution)**

**1. വായു മലിനീകരണം (Air pollution)**

ഇതു പ്രധാനമായും വാഹനങ്ങളിൽനിന്നും പുറത്തേക്കുവരുന്ന കാർബൺ മോണോക്സൈഡ് ,ഫാക്ടറികളിൽ നിന്നും പുറന്തള്ളപ്പെടുന്ന പുക, മറ്റ് രാസപദാർത്ഥങ്ങൾ എന്നിവ മൂലമാണ് ഉണ്ടാകുന്നത്. വായു മലിനീകരണം വായുവിന്റെ ഗുണനിലവാരം കുറയ്ക്കുന്നു.

**2 ജലമലിനീകരണം (Water pollution)**

രാസപദാർത്ഥങ്ങളും മറ്റു പാഴ്വസ്തുക്കളും ജലത്തിൽ നിക്ഷേപിക്കുന്നതുമൂലം ആണ് ജല മലിനീകരണം ഉണ്ടാകുന്നത്. ഇത് പല ജീവികളുടെയും മരണത്തിനിടയാക്കുകയും മനുഷ്യ ജീവന് തന്നെ ഗുരുതരമായ ഭീഷണിയാവുകയും ചെയ്യുന്നു.

**3. മണ്ണ് മലിനീകരണം (Land pollution)**

വിഷകരമായ പാഴ്വസ്തുക്കൾ ഭൂമിയിൽ നിക്ഷേപിക്കുന്നത് മണ്ണ് മലിനീകരണത്തിന് കാരണമാകുന്നു. ഇത് മണ്ണിന്റെ ഗുണനിലവാരത്തെ അപകടപ്പെടുത്തുകയും ഭൂമിയെ കൃഷിക്ക് അനുയോജ്യമല്ലാതാക്കി തീർക്കുകയുംചെയ്യുന്നു.

**4. ശബ്ദമലിനീകരണം (Noise pollution)**

ഫാക്ടറികളുടെ പ്രവർത്തനം, വാഹനങ്ങൾ ഓടുന്നത് മുതലായവയുടെ ശബ്ദം ഗുരുതരമായ ആരോഗ്യ ഭീഷണി ഉണ്ടാക്കുന്നു. കേൾവിശക്തി നഷ്ടപ്പെടുക,ഹൃദയത്തിന് പ്രവർത്തനവൈകല്യം, മാനസിക നില തെറ്റുക മുതലായ രോഗങ്ങൾ ശബ്ദമലിനീകരണം മൂലമുണ്ടാകുന്നു.

# CHAPTER 7

# കമ്പനി രൂപീകരണം

## (FORMATION OF A COMPANY)

ഒരു കമ്പനി രൂപീകരിക്കുന്നതിന് നാല് ഘട്ടങ്ങൾ ആണുള്ളത്

1. പ്രമോഷൻ 2. ഇൻകോർപ്പറേഷൻ 3. മൂലധന സമാഹരണം 4. ബിസിനസ് ആരംഭിക്കൽ.

**A. പ്രമോഷൻ (Promotion)**

കമ്പനി രൂപീകരണത്തിന്റെ ആദ്യത്തെ ഘട്ടമാണ് പ്രമോഷൻ .ഒരു കമ്പനി സൃഷ്ടിക്കുന്നതിന് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളുടെയും ആകെത്തുകയാണ് പ്രമോഷൻ. കമ്പനി രൂപീകരിക്കുവാൻ മുൻകൈയെടുക്കുന്ന വ്യക്തിയെ പ്രമോട്ടർ എന്നുവിളിക്കുന്നു.

## പ്രമോട്ടറുടെ ധർമ്മങ്ങൾ (Functions of promoter)

**1. ബിസിനസ് അവസരം കണ്ടുപിടിക്കുക (. Identification of business opportunity)**

ബിസിനസ് അവസരം കണ്ടെത്തുകയാണ് പ്രമോട്ടറുടെ ആദ്യത്തെ ധർമ്മം. പുതിയ ഉത്പന്നമോ സേവനമോ ഉൽപ്പാദിപ്പിക്കുക, വ്യത്യസ്തമായ ചാനൽ വഴി ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക മുതലായവയൊക്കെ ബിസിനസ് അവസരങ്ങളാണ്.

**2. അനുയോജ്യതാ പഠനം (Feasibility studies)**

ബിസിനസ് ആശയവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെക്കുറിച്ചും പ്രമോട്ടർ വിശദമായ പഠനം നടത്തുന്നു. ഇതിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു

**A) സാങ്കേതികമായ അനുയോജ്യത( Technical feasibility)**

ചിലപ്പോൾ ആശയം നല്ലതാകാം, എന്നാൽ അത് നടപ്പിലാക്കുവാൻ സാങ്കേതികമായി സാധിക്കുകയില്ല. ആവശ്യമായ സാങ്കേതികവിദ്യ എളുപ്പത്തിൽ ലഭ്യമല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്

**B) ധനപരമായ അനുയോജ്യത (Financial feasibility)**

കണ്ടെത്തിയ ആശയം നടപ്പിലാക്കുന്നതിന് എത്ര പണം ആവശ്യമായി വരും എന്ന് പ്രമോട്ടർ കണ്ടുപിടിക്കണം. പ്രോജക്ടിന് ആവശ്യമായ പണം എളുപ്പത്തിൽ സംഘടിപ്പിക്കാൻ കഴിയില്ലെങ്കിൽ, പ്രോജക്ട് ഉപേക്ഷിക്കേണ്ടിവരും.

**C) ലാഭക്ഷമത അനുയോജ്യത (Economic feasibility)**

ഉദ്ദേശിച്ച പ്രോജക്ടിന്റെ ലാഭക്ഷമതയെക്കുറിച്ച് പ്രമോട്ടർ വിശകലനം നടത്തണം. ഈ പഠനങ്ങൾ നടത്തുന്നതിന് പ്രമോട്ടർ വിദഗ്ദ്ധരുടെ സഹായം തേടണം.

**3. കമ്പനിയുടെ പേരിന് അംഗീകാരം നേടുക (Name approval)**

പ്രോജക്ട് തീരുമാനിച്ചുകഴിഞ്ഞാൽ, കമ്പനിക്ക് ഒരു പേര് തെരഞ്ഞെടുക്കണം. പേരിന് അംഗീകാരം നേടുന്നതിനായി ഏത് സംസ്ഥാനത്താണോ കമ്പനിയുടെ രജിസ്റ്റർ ഓഫീസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ആ സംസ്ഥാനത്തെ കമ്പനി രജിസ്ട്രാർക്ക് പ്രമോട്ടർ ഒരു അപേക്ഷ നൽകണം. രജിസ്ട്രാർക്ക് നൽകുന്ന അപേക്ഷയിൽ മുൻഗണനാ അടിസ്ഥാനത്തിൽ മൂന്ന് പേരുകൾ നൽകണം.

**4.മെമ്മോറാണ്ടത്തിൽ ഒപ്പ് ഇടേണ്ടവരെ തീരുമാനിക്കുക (. Fixing up signatories to the Memorandum of Association)**

നിർദ്ദിഷ്ട കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ ഒപ്പിടേണ്ട അംഗങ്ങൾ ആരെല്ലാമാണെന്ന് പ്രമോട്ടർ തീരുമാനിക്കണം. മെമ്മോറാണ്ടത്തിൽ ഒപ്പിടുന്നവർ ആയിരിക്കും കമ്പനിയുടെ ആദ്യ ഡയറക്ടർമാർ.

**5. പ്രൊഫഷണലുകളെ നിയമിക്കുക (Appointment of professionals)**

രജിസ്ട്രാറുടെ പക്കൽ സമർപ്പിക്കുന്നതിന് ആവശ്യമായ വിവിധ രേഖകൾ തയ്യാറാക്കുന്നതിന് തന്നെ സഹായിക്കുന്നതിനുവേണ്ടി മർച്ചന്റ് ബാങ്കർമാർ, ഓഡിറ്റർമാർ തുടങ്ങിയ പ്രൊഫഷണലുകളെ പ്രമോട്ടർ നിയമിക്കുന്നു.

**6. ആവശ്യമായ പ്രമാണങ്ങൾ തയാറാക്കുക (Preparation of necessary documents)**

രജിസ്ട്രാറുടെ പക്കൽ സമർപ്പിക്കുന്നതിന് ആവശ്യമായ നിയമപരമായ പ്രമാണങ്ങൾ തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ പ്രമോട്ടർ സ്വീകരിക്കണം. ഇതിൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, ഡയറക്ടർമാരുടെ സമ്മതപത്രം മുതലായവ ഉൾപ്പെടുന്നു.

## ] മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ(Memorandum of Association)

കമ്പനിയുടെ ഏറ്റവും പ്രധാനപ്പെട്ട രേഖയാണിത്. ഇതിൽ കമ്പനിയുടെ ലക്ഷ്യങ്ങളും അധികാരങ്ങളും നിർവചിച്ചിരിക്കുന്നു . കമ്പനിയും പുറത്തുള്ളവരുമായും ഉള്ള ബന്ധം ഇത് വിശദീകരിക്കുന്നു. മെമ്മോറാണ്ടത്തെ കമ്പനിയുടെ ഭരണഘടന എന്നും മാഗ്ന കാർട്ട എന്നും വിശേഷിപ്പിക്കുന്നു.

## മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ വിവിധ വകുപ്പുകൾ (Clauses of memorandum of association)

**1. നാമ വകുപ്പ് (Name clause)**

കമ്പനി ഏത് പേരിലാണോ രജിസ്റ്റർ ചെയ്തിരിക്കുന്നത് ആ പേര് ഉൾക്കൊള്ളുന്ന വകുപ്പാണിത്. കമ്പനിയുടെ പേരിന് മറ്റൊരു കമ്പനിയുടെ പേരുമായി സാദൃശ്യം ഉണ്ടാകാൻ പാടില്ല. കമ്പനിയുടെ പേര് കമ്പനിയുടെ ഓഫീസിന് പുറത്ത് പ്രദർശിപ്പിക്കുകയും, കമ്പനിയുടെ എല്ലാ ബില്ലുകളിലും ലെറ്ററുകളിലും നോട്ടീസുകളിലും കാണിക്കുകയും വേണം.

**2. രജിസ്റ്റേർഡ് ഓഫീസ് or സ്ഥല വകുപ്പ് (Registered office or domicile clause)**

കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസ് സ്ഥിതിചെയ്യുന്ന സംസ്ഥാനത്തിന്റെ പേര് ഉൾക്കൊള്ളുന്ന വകുപ്പാണിത്.

**3. ലക്ഷ്യ വകുപ്പ് (Object clause)**

കമ്പനി രൂപീകരിച്ചിരിക്കുന്നതിന്റെ ലക്ഷ്യമെന്താണ് എന്ന് പ്രതിപാദിക്കുന്ന വകുപ്പാണിത്. ഈ വകുപ്പിൽ പരാമർശിക്കാത്ത ഒരു പ്രവർത്തനവും കമ്പനി നടത്താൻ പാടില്ല.

**4.ബാധ്യത വകുപ്പ് (Liability clause)**

ഈ വകുപ്പ് പ്രകാരം അംഗങ്ങളുടെ ബാധ്യത അവർ എടുത്തിരിക്കുന്ന ഓഹരികളിൽ ഇനിയും അടയ്ക്കാനുള്ള തുകയിലേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നു. ഉദാ: ഒരു വ്യക്തി പത്തു രൂപ വിലയുള്ള 200 ഓഹരികൾ വാങ്ങുകയും ഓഹരി ഒന്നിന് 7 രൂപ നിരക്കിൽ അടയ്ക്കുകയും ചെയ്താൽ, അയാളുടെ ബാധ്യത ഓഹരി ഒന്നിന് 3 രൂപയായി പരിമിതപ്പെടുത്തുന്നു.

**5. മൂലധന വകുപ്പ് (Capital clause)**

ഓഹരികൾ പുറപ്പെടുവിച്ച് കമ്പനിക്ക് പരമാവധി സമാഹരിക്കാവുന്ന മൂലധനം എത്രയാണെന്ന് ഈ വകുപ്പിൽ പറയുന്നു. നിശ്ചിത മുഖവിലയുള്ള എത്ര ഓഹരികളായി കമ്പനിയുടെ അംഗീകൃത മൂലധനം വിഭജിച്ചിരിക്കുന്നു എന്ന് ഈ വകുപ്പിൽ പറയുന്നു.

**6. അസോസിയേഷൻ വകുപ്പ് (Association clause)**

ഈ വകുപ്പിൽ മെമ്മോറാണ്ടത്തിൽ ഒപ്പ് വച്ചിരിക്കുന്ന വ്യക്തികൾ കമ്പനിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തങ്ങൾ തയ്യാറാണെന്നും യോഗ്യത ഓഹരികൾ വാങ്ങുവാൻ തങ്ങൾക്കു സമ്മതമാണെന്നും പ്രസ്താവിക്കുന്നു.

## B] ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ (Articles of Association)

കമ്പനിയുടെ ആഭ്യന്തര ഭരണത്തിനുള്ള നിയമങ്ങൾ അടങ്ങിയ വകുപ്പാണിത്. ഇതിലെ നിയമങ്ങൾ മെമ്മോറാണ്ടത്തിന്റെ അനുബന്ധകം ആണ്.ഒരു പബ്ലിക് കമ്പനിക്ക് സ്വന്തമായി ആർട്ടിക്കിൾസ് വേണമെന്ന് നിർബന്ധമില്ല. ഇതിനുപകരം അവർ ഇന്ത്യൻ കമ്പനി നിയമത്തിന്റെ ടേബിൾ എ യിൽ കൊടുത്തിട്ടുള്ള മോഡൽ ആർട്ടിക്കിൾസ് ഉപയോഗിച്ചാൽ മതി.

**ആർട്ടിക്കിൾസിൽ സാധാരണ താഴെ പറയുന്ന കാര്യങ്ങൾ ഉണ്ടാകും (Contents)**

1. ഓഹരികളുടെ എണ്ണവും വിലയും
2. പ്രിഫറൻസ് ഓഹരികൾ ഇറക്കുന്നത്
3. ഓഹരികൾ അനുവദിച്ചു നൽകൽ
4. ഓഹരികളുടെ കൈമാറ്റം
5. ഓഹരികളുടെ കണ്ടുകെട്ടൽ
6. മൂലധന ഭേദഗതി
7. ഓഹരികളുടെ തിരികെ വാങ്ങൽ
8. ഓഹരി സർട്ടിഫിക്കറ്റുകൾ
9. വോട്ടവകാശം
10. മീറ്റിങ്ങുകളും കമ്മറ്റികളും വിളിച്ചുചേർക്കുന്നതിനുള്ള നിയമങ്ങൾ
11. ഡയറക്ടർമാരുടെ നിയമനവും അധികാര കൈമാറ്റവും
12. ഓഹരികളും കടപത്രങ്ങളും ഇറക്കൽ
13. സീൽ
14. ഡയറക്ടർമാരുടെ പ്രതിഫലം
15. പൊതുയോഗങ്ങൾ
16. ഡയറക്ടർമാരുടെ മീറ്റിങ്ങുകൾ

17. അടച്ചുപൂട്ടൽ

## മെമ്മോറാണ്ടവും ആർട്ടിക്കിൾസും തമ്മിലുള്ള വ്യത്യാസങ്ങൾ

**(Differences between Memorandum of Association and Articles of Association)**

| അടിസ്ഥാനം | മെമ്മോറാണ്ടം | ആർട്ടിക്കിൾസ് |
|---|---|---|
| 1. ലക്ഷ്യങ്ങൾ | കമ്പനിയുടെ ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നു | കമ്പനിയുടെ ആഭ്യന്തര ഭരണത്തിനുള്ള നിയമങ്ങൾ ഉൾക്കൊള്ളുന്നു |
| 2.സ്ഥാനം | ഏറ്റവും പ്രധാനപ്പെട്ട രേഖയാണിത് | ഇത് ഒരു ഉപരേഖയാണ് |
| 3.ബന്ധം | കമ്പനിയും പുറത്തുള്ളവരും ആയുള്ള ബന്ധം നിർവചിക്കുന്നു | കമ്പനിയും അതിലെ അംഗങ്ങളും തമ്മിലുള്ള ബന്ധം നിർവചിക്കുന്നു |
| 4.ആവശ്യകത | എല്ലാ കമ്പനികൾക്കും നിർബന്ധമാണ് | പബ്ലിക് കമ്പനിക്ക് നിർബന്ധമല്ല |
| 5.മാറ്റം വരുത്തൽ | മാറ്റം വരുത്തുവാൻ ബുദ്ധിമുട്ടാണ് | പ്രത്യേക പ്രമേയം പാസാക്കി മാറ്റംവരുത്താം |

**പ്രോസ്പെക്ടസ് (Prospectus)**

കമ്പനിയുടെ ഓഹരികളോ കടപ്പത്രങ്ങളോ വാങ്ങുന്നതിനോ, കമ്പനിയിൽ പണം നിക്ഷേപിക്കുന്നതിനോ പൊതുജനങ്ങളെ ക്ഷണിച്ചുകൊണ്ടുള്ള ക്ഷണക്കത്താണ് പ്രോസ്പെക്ടസ്.

# CHAPTER 8

# ബിസിനസിന്റെ സാമ്പത്തിക ഉറവിടങ്ങൾ

## ( SOURCES OF BUSINESS FINANCE)

ബിസിനസിലെ സാമ്പത്തിക ആവശ്യങ്ങളെ രണ്ടായി തരം തിരിക്കാം


**a) സ്ഥിര മൂലധന ആവശ്യങ്ങൾ**

സ്ഥിര ആസ്തികൾ ആയ ഭൂമി, കെട്ടിടം, പ്ലാന്റ്, യന്ത്രങ്ങൾ, ഫർണിച്ചർ, എന്നിവ വാങ്ങുന്നതിന് ആവശ്യമായ പണമാണ് സ്ഥിര മൂലധനം.

**b) പ്രവർത്തന മൂലധനം**

ശമ്പളം, വാടക, മുതലായ ദൈനംദിന ചെലവുകൾക്ക് ആവശ്യമായ പണമാണ് പ്രവർത്തന മൂലധനം

Classification of Sources of Funds




## സാമ്പത്തിക ഉറവിടത്തിന്റെ തരംതിരിവ്

**A. കാലാവധിയുടെ അടിസ്ഥാനത്തിൽ**

1.ദീർഘകാല ധനം- അഞ്ചു വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് ആവശ്യമുള്ള പണം

2. മധ്യകാല ധനം- ഒരു വർഷത്തിൽ കൂടുതലും എന്നാൽ അഞ്ച് വർഷത്തിൽ താഴെയും കാലയളവിലേക്ക് ആവശ്യമുള്ള പണമാണ് മധ്യകാല ധനം

3. ഹ്രസ്വകാല ധനം- ഒരു വർഷത്തിൽ താഴെ കാലയളവിലേക്ക് ആവശ്യമായ പണമാണ് ഹ്രസ്വകാല ധനം.

### B. ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ

1. ഉടമസ്ഥത ഫണ്ടുകൾ- കമ്പനിയുടെ ഉടമസ്ഥർ നൽകുന്ന പണം.

2. വായ്പ ഫണ്ടുകൾ - കടമായി സമാഹരിക്കുന്ന പണം.

### C. സമാഹരിക്കുന്ന സ്രോതസിന്റെ അടിസ്ഥാനത്തിൽ

1. ആഭ്യന്തര സ്രോതസ്സ്- കമ്പനിക്കുള്ളിൽ നിന്നുതന്നെ സമാഹരിക്കുന്ന പണം.

2. ബാഹ്യ സ്രോതസ്സ്- കമ്പനിക്ക് പുറത്തുനിന്ന് സമാഹരിക്കുന്ന പണം.

## ധന സ്രോതസ്സുകൾ

## 1. ലാഭത്തിൽ നിന്നുള്ള നീക്കിയിരിപ്പ് (Retained earnings)

ഭാവി ആവശ്യങ്ങൾക്കുവേണ്ടി ബിസിനസിന്റെ ലാഭത്തിൽ നിന്നും മാറ്റിവയ്ക്കുന്ന തുകയാണിത്. ഇതിനെ പ്ലവിങ്ങ് ബാക്ക് ഓഫ് പ്രോഫിറ്റ് എന്നും ആഭ്യന്തര ഫിനാൻസിങ്ങ് എന്നും സ്വയം ഫിനാൻസിങ് എന്നും പല പേരിൽ വിളിക്കുന്നു.

### ഗുണങ്ങൾ (Merits)

a) ഇത് ഒരു സ്ഥിരമായ ഉറവിടമാണ്

b) പണം സമാഹരിക്കുന്നതിന് ചെലവ്ഉണ്ടാകുന്നില്ല

c) പണം സമാഹരിക്കുന്നതിന് യാതൊരു ഈടും നൽകേണ്ടതില്ല

d) ഇത് ബിസിനസിന് സാമ്പത്തിക ഉറപ്പു നൽകുന്നു

e) അപ്രതീക്ഷിതമായ നഷ്ടങ്ങൾ നേരിടാൻ കമ്പനിയെ സഹായിക്കുന്നു.

### പരിമിതികൾ (Limitations)

a) ലാഭത്തിൽ നിന്നും കൂടുതൽ പണം മാറ്റിവയ്ക്കുന്നത് ഓഹരി ഉടമകൾക്ക് അസംതൃപ്തിയുണ്ടാക്കും

b) ലാഭത്തിന്റെ അളവ് വർഷംതോറും വ്യത്യാസപ്പെടുന്നതിനാൽ ഇത് ഒരു അനിശ്ചിതമായ ഉറവിടമാണ്.

c) നികുതി വെട്ടിപ്പിന് ഉപയോഗിക്കാൻ സാധ്യതയുണ്ട്.

## ഓഹരികൾ പുറത്തിറക്കുക (Issue of Shares)

ഓഹരികൾ ഇഷ്യൂ ചെയ്തു സമാഹരിക്കുന്ന മൂലധനത്തെ ഓഹരി മൂലധനം എന്നുപറയുന്നു. ഓഹരികൾ കൈവശംവെച്ചിരിക്കുന്ന ആളിനെ ഓഹരിയുടമ എന്നു പറയുന്നു. മുൻഗണന ഓഹരികൾ, സാധാരണ ഓഹരികൾ എന്നിങ്ങനെ രണ്ടുതരം ഓഹരികളുണ്ട്.

A. പ്രിഫറൻസ് ഷെയറുകൾ (Preference Shares)

ഒരു നിശ്ചിത നിരക്കിൽ ലാഭവിഹിതം ലഭിക്കുന്നതിനും, കമ്പനി ബിസിനസ് പ്രവർത്തനം അവസാനിപ്പിക്കുമ്പോൾ മൂലധനം തിരികെ ലഭിക്കുന്ന കാര്യത്തിലും മുൻഗണനയുള്ള ഓഹരികളാണ് മുൻഗണന ഓഹരികൾ. പ്രിഫറൻസ് ഓഹരിയുടമകൾക്ക് തങ്ങളെ ബാധിക്കുന്ന കാര്യത്തിൽ മാത്രമേ വോട്ട് ചെയ്യുവാൻ സാധിക്കുകയുള്ളൂ.

ഗുണങ്ങൾ (Merits)

a) നിശ്ചിത നിരക്കിൽ ലാഭവിഹിതം ലഭിക്കുന്നതിനാൽ, സ്ഥിരമായ വരുമാനം ഉണ്ടാകുന്നു.

b) കുറഞ്ഞ റിസ്കിൽ സ്ഥിര വരുമാനം വേണമെന്ന് ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമാണ് ഈ ഓഹരികൾ.

c) ഇക്വിറ്റി ഓഹരിയുടമകൾക്ക് കമ്പനിയുടെ ഭരണത്തിലുള്ള നിയന്ത്രണം നഷ്ടപ്പെടില്ല.

d) കമ്പനിക്ക് ആവശ്യമുള്ളപ്പോൾ ഈ ഓഹരികൾ തിരികെ വാങ്ങുവാൻ സാധിക്കും.

e) കമ്പനിയുടെ സ്വത്ത് ഈടായി നൽകേണ്ടതില്ല.

പരിമിതികൾ (Limitations)

a) റിസ്ക് എടുക്കാൻ മനസ്സുള്ളവർക്ക് ഈ ഓഹരികൾ അനുയോജ്യമല്ല.

b) കടപ്പത്രങ്ങളുടെ പലിശനിരക്കിനേക്കാൾ കൂടുതലാണ് ഈ ഓഹരികളുടെ ലാഭവിഹിത നിരക്ക്.

c) ഈ ഓഹരികളുടെ ലാഭവിഹിതം ഒരു ചെലവായി പരിഗണിച്ച് ലാഭത്തിൽ നിന്നും കുറയ്ക്കാൻ സാധിക്കില്ല.

പലതരം പ്രിഫറൻസ് ഓഹരികൾ (Types of preference shares)

1. ക്യുമുലേറ്റീവും നോൺ ക്യുമുലേറ്റീവും (cumulative and non-cumulative)

ഏതെങ്കിലും വർഷത്തിൽ ലാഭവിഹിതം കിട്ടിയില്ലെങ്കിൽ , ഇങ്ങനെ കുടിശ്ശികയായ ലാഭ വിഹിതം പിന്നീടുള്ള വർഷങ്ങളിലെ ലാഭത്തിൽ നിന്നും കിട്ടുവാൻ അവകാശമുള്ള ഓഹരികളാണ് ക്യുമുലേറ്റീവ് പ്രിഫറൻസ് ഓഹരികൾ.കുടിശ്ശികയായ ലാഭവിഹിതം കിട്ടുവാൻ അവകാശമില്ലാത്ത ഓഹരികളാണ് നോൺ ക്യുമുലേറ്റീവ് പ്രിഫറൻസ് ഓഹരികൾ. ഈ ഓഹരികൾക്ക് അതാത് വർഷത്തെ ലാഭവിഹിതം മാത്രമേ ലഭിക്കൂ.

2.പാർട്ടിസിപ്പേറ്റിങ്ങും നോൺ പാർട്ടിസിപ്പേറ്റിങ്ങും (Participating and Non-participating)

ഇക്വിറ്റി ഓഹരിയുടമകൾക്ക് ഒരു നിശ്ചിത നിരക്കിൽ ലാഭവിഹിതം നൽകിയതിനുശേഷം ഉള്ള അധികലാഭത്തിന്റെ വീതം ലഭിക്കുവാൻ അർഹതയുള്ളവയാണ് പാർട്ടിസിപ്പേറ്റിങ്.

നോൺ പാർട്ടിസിപ്പേറ്റിങ്ങിൽ അധിക ലാഭത്തിന്റെ പങ്ക് ലഭിക്കുവാൻ അവകാശമില്ല. ഇവയ്ക്ക് നിശ്ചിതനിരക്കിലുള്ള ലാഭം വിഹിതം മാത്രമേ ലഭിക്കൂ.

**3.റെഡീമബിളും ഇറെഡീമബിളും (Redeemable and Irredeemable)**

ഒരു നിശ്ചിത കാലാവധിക്ക് ശേഷം കമ്പനി തിരികെ വാങ്ങുന്ന ഓഹരികളാണ് റെഡീമബിൾ. കമ്പനി ബിസിനസ് പ്രവർത്തനം അവസാനിപ്പിക്കുമ്പോൾ മാത്രം തിരിച്ചെടുക്കുന്ന ഓഹരികളാണ് ഇറെഡീമബിൾ

**4.കൺവേർട്ടിബിളും നോൺ കൺവേർട്ടിബിളും (Convertible and Non-convertible)**

ഒരു നിശ്ചിതസമയത്തിനുള്ളിൽ ഇക്വിറ്റി ഷെയറുകൾ ആക്കി മാറ്റാൻ സാധിക്കുന്ന ഓഹരികളാണ് കൺവേർട്ടിബിൾ

ഇക്വിറ്റി ഷെയറുകൾ ആക്കി മാറ്റാൻ സാധിക്കാത്ത ഓഹരികളാണ് നോൺ കൺവേർട്ടിബിൾ.

**B.ഇക്വിറ്റി ഷെയറുകൾ (Equity Shares)**

ലാഭ വിഹിതം ലഭിക്കുന്ന കാര്യത്തിലും കമ്പനി പ്രവർത്തനം അവസാനിപ്പിക്കുമ്പോൾ മുടക്കിയ പണം തിരികെ ലഭിക്കുന്ന കാര്യത്തിലും യാതൊരു മുൻഗണനയും ഇല്ലാത്ത ഓഹരികളാണ് ഇക്വിറ്റി ഷെയറുകൾ. കമ്പനിയുടെ യഥാർത്ഥ ഉടമസ്ഥരാണ് ഇക്വിറ്റി ഓഹരിയുടമകൾ. അതിനാൽ ഇക്വിറ്റി ഷെയർ പുറപ്പെടുവിച്ച് സമാഹരിക്കുന്ന മൂലധനത്തെ ഉടമസ്ഥത മൂലധനം എന്നുപറയുന്നു. ഇവർക്ക് വോട്ടവകാശവും കമ്പനിയുടെ ഭരണകാര്യങ്ങളിൽ പങ്കെടുക്കാനുള്ള അവകാശവുമുണ്ട്.

**ഗുണങ്ങൾ (Merits)**

a) റിസ്ക് ഏറ്റെടുക്കുവാൻ താല്പര്യമുള്ള നിക്ഷേപകർക്ക് അനുയോജ്യമാണ്.

b) ഇക്വിറ്റി ഓഹരിയുടമകൾക്ക് ലാഭവിഹിതം നൽകണമെന്ന് നിർബന്ധമില്ല.

c) സ്ഥിര മൂലധനത്തിന് അനുയോജ്യമായ ഉറവിടമാണിത്.

d) കമ്പനിയുടെ സ്വത്ത് ഈടായി നൽകേണ്ടതില്ല.

e) ഇക്വിറ്റി ഓഹരിയുടമകൾക്ക് കമ്പനിയുടെ ഭരണകാര്യങ്ങളിൽ പങ്കെടുക്കാൻ സാധിക്കും.

**പരിമിതികൾ Limitations)**

a) സ്ഥിര വരുമാനം വേണമെന്നാഗ്രഹിക്കുന്ന നിക്ഷേപകർക്ക് അനുയോജ്യമല്ല.

b) ഇക്വിറ്റി ഓഹരികൾ പുറപ്പെടുവിക്കുന്നതിന് വളരെയധികം നടപടിക്രമങ്ങളുണ്ട്.

c) സാധാരണഗതിയിൽ ഈ ഓഹരികൾ തിരിച്ചെടുക്കാൻ സാധിക്കില്ല.

**8.കടപ്പത്രങ്ങൾ (Debentures)**

ഒരു നിശ്ചിത തുക കടമായി വാങ്ങിയിട്ടുണ്ടെന്നും അത് ഭാവിയിൽ ഒരു നിശ്ചിതദിവസം തിരിച്ചുതന്നു കൊള്ളാമെന്നും വാഗ്ദാനം ചെയ്തുകൊണ്ട് കമ്പനി നൽകുന്ന ഒരു സമ്മത പത്രമാണ് കടപ്പത്രം. കടപ്പത്ര ഉടമകൾ കമ്പനിയുടെ കടക്കാരാണ്. ആറുമാസത്തിലൊരിക്കലോ വർഷത്തിലൊരിക്കലോ ഒരു നിശ്ചിത നിരക്കിൽ ഇവർക്ക് പലിശ ലഭിക്കും.

**ഗുണങ്ങൾ (Merits)**

a) സ്ഥിര വരുമാനം വേണമെന്നാഗ്രഹിക്കുന്ന നിക്ഷേപകർക്ക് അനുയോജ്യമാണ് കടപ്പത്രങ്ങൾ.

b) കടപ്പത്ര ഉടമകൾക്ക് കമ്പനിയുടെ ലാഭത്തിന്റെ വീതം നൽകേണ്ടതില്ല.

c) കമ്പനിയുടെ വരുമാനം സ്ഥിരം ആണെങ്കിൽ , കടപ്പത്രം വളരെ അനുയോജ്യമാണ്.

d) കടപ്പത്ര ഉടമകൾക്ക് വോട്ടവകാശം ഇല്ലാത്തതിനാൽ, ഇക്വിറ്റി ഓഹരിയുടമകൾക്ക് കമ്പനിയുടെ ഭരണത്തിൽ മേലുള്ള നിയന്ത്രണം നഷ്ടപ്പെടില്ല.

**പരിമിതികൾ (Limitations)**

a) പലിശ നിരക്ക് സ്ഥിരമായതിനാൽ, അത് കമ്പനിയുടെ വരുമാനത്തിൻ മേൽ ഒരു സ്ഥിര ബാധ്യതയായി മാറുന്നു.

b) കടപ്പത്രം ഇറക്കുന്നത്, മറ്റ് ഉറവിടങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള കമ്പനിയുടെ ശേഷിയെ കുറയ്ക്കുന്നു.

**പലതരം കടപ്പത്രങ്ങൾ (Types of debentures)**

**1. ഈട്ഉള്ളതും ഈട്ഇല്ലാത്തതും (Secured and Unsecured)**

കമ്പനിയുടെ സ്വത്ത് ഈടായി നൽകിയിട്ടുള്ള കടപ്പത്രങ്ങൾ ആണ് സെക്യേർഡ്.കമ്പനിയുടെ സ്വത്ത് ഈടായി നൽകിയിട്ടില്ലാത്ത കടപ്പത്രങ്ങൾ ആണ് അൺസെക്യേർഡ്

**2. രജിസ്റ്റേർഡും ബെയററും (Registered and Bearer)**

കമ്പനി സൂക്ഷിക്കുന്ന കടപ്പത്ര ഉടമകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന കടപ്പത്രങ്ങൾ ആണ് രജിസ്റ്റേർഡ് കടപ്പത്രങ്ങൾ.

കടപ്പത്ര ഉടമകളുടെ പേര് രേഖപ്പെടുത്താതെ പുറത്തിറക്കുന്ന കടപ്പത്രങ്ങൾ ആണ് ബെയറർ

**3. ഫസ്റ്റും സെക്കന്റും (First and Second)**

മറ്റു കടപ്പത്രങ്ങൾ തിരികെ കൊടുക്കുന്നതിനു മുമ്പ് തിരിച്ചുകൊടുക്കുന്ന കടപത്രങ്ങളാണ് ഫസ്റ്റ് കടപ്പത്രങ്ങൾ.

ഫസ്റ്റ് കടപ്പത്രങ്ങൾ തിരികെ കൊടുത്തതിനു ശേഷം തിരിച്ചുകൊടുക്കുന്ന കടപ്പത്രങ്ങൾ ആണ് സെക്കൻഡ് കടപ്പത്രങ്ങൾ.

**4. കൺവേർട്ടിബിളും നോൺ കൺവേർട്ടിബിളും (Convertible and Non-convertible)**

ഒരു നിശ്ചിത കാലാവധി പൂർത്തിയായി കഴിയുമ്പോൾ ഇക്വിറ്റി ഷെയറുകൾ ആക്കി മാറ്റാവുന്ന കടപ്പത്രങ്ങൾ ആണ് കൺവേർട്ടിബിൾ

ഇക്വിറ്റി ഷെയറുകൾ ആക്കി മാറ്റാൻ സാധിക്കാത്ത കടപ്പത്രങ്ങൾ ആണ് നോൺകൺവേർട്ടിബിൾ

# CHAPTER 10

# ആഭ്യന്തര വ്യാപാരം

# (INTERNAL TRADE)

## ചില്ലറ വ്യാപാരം (Retail Trade)

മൊത്ത വ്യാപാരിയിൽ നിന്നും സാധനങ്ങൾ വാങ്ങി വളരെ ചെറിയ അളവിൽ അന്തിമ ഉപഭോക്താക്കൾക്ക് നൽകുന്നതാണ് ചില്ലറ വ്യാപാരം. ചില്ലറ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയെ ചില്ലറവ്യാപാരി എന്ന് വിളിക്കുന്നു. മൊത്ത വ്യാപാരിയെയും ഉപഭോക്താവിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് ചില്ലറവ്യാപാരി.

## സ്ഥിരം കടയുള്ള കച്ചവടക്കാർ (Fixed Shop Retailers)

തങ്ങളുടെ സാധനങ്ങൾ വിൽക്കുന്നതിന് സ്ഥിരമായ കട ഉള്ള കച്ചവടക്കാരാണ് ഇത്. അതിനാൽ ഉപഭോക്താക്കളെ അന്വേഷിച്ച് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് ഇവർക്ക് സഞ്ചരിക്കേണ്ടതില്ല.

## പലതരം സ്ഥിരം ചില്ലറ കച്ചവടക്കാർ (Types of fixed shop retailers)

പ്രവർത്തനത്തിന്റെ അളവിനെ അടിസ്ഥാനമാക്കി ഇവരെ രണ്ടായി തരം തിരിക്കാം

**a)** ചെറുകിട ചില്ലറ വ്യാപാരികൾ **b)** വൻകിട ചില്ലറ വ്യാപാരികൾ

## ചെറുകിട ചില്ലറ വ്യാപാരികൾ (Fixed shop small retailers)

**1) പൊതു സ്റ്റോറുകൾ (General stores)**

പ്രാദേശിക വിപണികളിലും ജനവാസ മേഖലകളിലും കാണപ്പെടുന്ന സ്ഥാപനങ്ങൾ ആണിത്. ഉപഭോക്താക്കളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട വിവിധതരം ഉൽപ്പന്നങ്ങൾ ഇവർ സ്റ്റോക്ക് ചെയ്യുന്നു. നിത്യോപയോഗ സാധനങ്ങളായ പലചരക്ക്, ശീതള പാനീയങ്ങൾ, ടോയിലറ്റ് ഉൽപ്പന്നങ്ങൾ, സ്റ്റേഷനറി, മധുരപലഹാരങ്ങൾ എന്നിവ വാങ്ങുവാൻ ഉപഭോക്താക്കൾക്ക് സൗകര്യം ഉണ്ടാക്കുന്നു.

**2. സ്പെഷ്യാലിറ്റി ഷോപ്പുകൾ (Speciality shops)**

പലതരം ഉൽപ്പന്നങ്ങൾക്ക് പകരം ഒരു നിശ്ചിത ഉൽപ്പന്ന നിരയിലുള്ള സാധനങ്ങളാണ് ഇവർ വിൽക്കുന്നത്. വളരെ ജനത്തിരക്കുള്ള പ്രദേശങ്ങളിലാണ് ഈ ഷോപ്പുകൾ സ്ഥാപിക്കുന്നത്. ഉദാ: കുട്ടികൾക്കുള്ള വസ്ത്രങ്ങൾ, പുരുഷന്മാർക്കുള്ള വസ്ത്രങ്ങൾ, സ്ത്രീകൾക്കുള്ള ചെരുപ്പുകൾ, കളിപ്പാട്ടങ്ങൾ, സ്കൂൾ യൂണിഫോം, കോളേജു ബുക്കുകൾ മുതലായവ വിൽക്കുന്ന കടകൾ.

**3. തെരുവ് സ്റ്റാളുകൾ Street stall holders)**

ജംഗ്ഷനുകളിലും ജനത്തിരക്കേറിയ സ്ഥലങ്ങളിലും ആണ് ഇവ സാധാരണയായി കാണപ്പെടുന്നത്. ഇവർ യാത്രക്കാരെ ആകർഷിക്കുകയും കളിപ്പാട്ടങ്ങൾ, ശീതള പാനീയങ്ങൾ, വസ്ത്രങ്ങൾ മുതലായ സാധനങ്ങൾ വ്യാപാരം നടത്തുകയും ചെയ്യുന്നു.

**4. സെക്കൻഡ് ഹാൻഡ് സാധനങ്ങൾക്കുള്ള കടകൾ (Second hand goods shops)**

ഉപയോഗിച്ച ഉൽപന്നങ്ങളായ ബുക്കുകൾ, വസ്ത്രങ്ങൾ, വാഹനങ്ങൾ, ഫർണിച്ചർ, വീട്ടുപകരണങ്ങൾ എന്നിവയുടെ വ്യാപാരം നടത്തുന്ന കടകൾ ആണിത്. കുറഞ്ഞ വരുമാനമുള്ള ആളുകളാണ് ഇവിടെ നിന്നും സാധനങ്ങൾ വാങ്ങുന്നത്. വളരെ കുറഞ്ഞ വിലയ്ക്കാണ് ഇവിടെ സാധനങ്ങൾ വിൽക്കുന്നത്.

## വൻകിട ചില്ലറ വ്യാപാരികൾ (Fixed shop large retailers)

### 1.ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ (Departmental stores)

ഒരു മേൽക്കൂരയ്ക്കു കീഴിൽ വിവിധ വിഭാഗങ്ങളിലായി വിവിധതരം ഉൽപ്പന്നങ്ങൾ വിൽക്കുന്ന ഒരു വൻകിട സ്ഥാപനമാണ് ഡിപ്പാർട്ട്മെന്റ് സ്റ്റോർ. സ്ഥാപനത്തെ വിവിധ ഡിപ്പാർട്ട്മെന്റുകളായി തരംതിരിക്കുകയും ഓരോ ഡിപ്പാർട്ട്മെന്റും ഓരോതരം സാധനങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. ഉദാ: ടോയിലറ്റ് ഉൽപ്പന്നങ്ങൾ, മരുന്നുകൾ, ഫർണിച്ചർ, പലചരക്ക്, ഇലക്ട്രിക് സാധനങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവയ്ക്കുവേണ്ടി വിവിധ ഡിപ്പാർട്ട്മെന്റുകൾ ഉണ്ടാകും. “സൂചി മുതൽ വിമാനം വരെ”, “പിൻ മുതൽ ആന വരെ”, “എല്ലാ ഷോപ്പിങ്ങും ഒറ്റ മേൽക്കൂരയ്ക്ക് കീഴിൽ” മുതലായ വാചകങ്ങളെല്ലാം ഡിപ്പാർട്ട്മെന്റ് സ്റ്റോറിനെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്നു.. ഉദാ:മുംബൈയിലുള്ള Akberally , ചെന്നൈയിലുള്ള Spencers etc.

**പ്രത്യേകതകൾ (Features)**

a) ആധുനിക ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ റസ്റ്റോറന്റ്, ടെലിഫോൺ ബൂത്ത്, വിശ്രമ മുറികൾ എന്നിവയുണ്ടാകും.

b) നഗരത്തിന്റെ ഹൃദയഭാഗത്താണ് ഇവ സ്ഥാപിക്കുന്നത്.

c) ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനിയായാണ് ഇത് രൂപീകരിക്കുന്നത്.

d) ഉൽപാദകരിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങുകയും സ്വന്തമായി വെയർഹൗസുകൾ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.

e) എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും വേണ്ട സാധനങ്ങൾ കേന്ദ്രീകൃതമായി പർച്ചേസ് ഡിപ്പാർട്ട്മെന്റ് ആണ് വാങ്ങുന്നത്.

f) സാധനങ്ങളുടെ വിൽപ്പന വിവിധ ഡിപ്പാർട്ട്മെന്റുകളിലൂടെ വികേന്ദ്രീകൃതമായി നടക്കുന്നു.

**2.ചെയിൻ സ്റ്റോറുകൾ/ മൾട്ടിപ്പിൾ ഷോപ്പുകൾ (Chain Stores or Multiple Shops)**

ഉൽപ്പാദകരോ ഇടനിലക്കാരോ ഉടമസ്ഥത വഹിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന ചില്ലറ വിൽപ്പന ശാലകളുടെ ശൃംഖലയാണ് ചെയിൻ സ്റ്റോറുകൾ. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലായി ഒരേ രൂപഭാവത്തിൽ വിവിധ വില്പനശാലകൾ പ്രവർത്തിപ്പിക്കുന്നു. ബ്രാൻഡഡ് ഉൽപ്പന്നങ്ങളാണ് ഇവിടെ വിൽക്കപ്പെടുന്നത്. ഉദാ:D.C.M,Raymond,KFC,Bata Shoe etc.

ഗുണങ്ങൾ (Merits)

i) ഇടനിലക്കാരെ ഒഴിവാക്കുന്നു

സാധനങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നതിനാൽ ഇടനിലക്കാരെ ഒഴിവാക്കാൻ സാധിക്കുന്നു.

ii) കിട്ടാക്കടം ഉണ്ടാകുന്നില്ല

എല്ലാ വിൽപനയും ക്യാഷ് അടിസ്ഥാനത്തിൽ നടക്കുന്നതിനാൽ കിട്ടാക്കടം മൂലമുണ്ടാകുന്ന നഷ്ടം ഉണ്ടാകുന്നില്ല

iii) സാധനങ്ങൾ മാറ്റുക

സാധനങ്ങൾക്ക് ഒരു പ്രദേശത്ത് ഡിമാൻഡ് ഇല്ലെങ്കിൽ അവ ഡിമാന്റുള്ള മറ്റ് പ്രദേശത്തേക്ക് മാറ്റാൻ സാധിക്കും.

iv) നഷ്ടസാധ്യത വിതരണം

ഒരു ഷോപ്പിൽ ഉണ്ടാകുന്ന നഷ്ടം മറ്റു ഷോപ്പുകളിൽ ഉണ്ടാകുന്ന ലാഭം മൂലം നികത്താൻ സാധിക്കും.

v) കുറഞ്ഞ ചിലവ്

സാധനങ്ങൾ കേന്ദ്രീകൃതമായി വാങ്ങൽ, ഇടനിലക്കാരെ ഒഴിവാക്കൽ എന്നിവമൂലം പ്രവർത്തന ചെലവ് കുറയ്ക്കാൻ കഴിയുന്നു.

vi) വഴക്കം

ഒരു ഷോപ്പ് ലാഭത്തിൽ അല്ല പ്രവർത്തിക്കുന്നതെങ്കിൽ മാനേജ്മെന്റിന് അത് അടച്ചുപൂട്ടുകയോ മറ്റൊരു സ്ഥലത്തേക്ക് മാറ്റുകയോ ചെയ്യാൻ സാധിക്കും.

പരിമിതികൾ (Limitations)

i)സാധനങ്ങളുടെ പരിമിതമായ തെരഞ്ഞെടുക്കൽ

മൾട്ടിപ്പിൾ ഷോപ്പുകൾ മറ്റ് ഉൽപാദകരുടെ സാധനങ്ങൾ വിൽക്കുന്നില്ല. അതിനാൽ ഉപഭോക്താക്കൾക്ക് തെരഞ്ഞെടുക്കുന്നതിനുള്ള അവസരം പരിമിതമാണ്.

ii)മുൻകൈയെടുക്കലിന്റെ അഭാവം

ബ്രാഞ്ച് മാനേജർമാർക്ക് ഹെഡ് ഓഫീസിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമേ പ്രവർത്തിക്കുവാൻ സാധിക്കൂ. ഇത് ഉപഭോക്താക്കളെ തൃപ്തിപ്പെടുത്തുന്നതിന് മുൻകൈയെടുത്ത് പ്രവർത്തിക്കുവാനുള്ള അവരുടെ ശേഷിയെ കുറയ്ക്കുന്നു.

**iii) വ്യക്തിപരമായ ബന്ധത്തിന്റെ അഭാവം**

മുൻകൈയെടുത്ത് പ്രവർത്തിക്കാൻ സാധിക്കാത്തത് ജീവനക്കാരിൽ അലംഭാവം ഉണ്ടാക്കുകയും. വ്യക്തിപരമായ ബന്ധം കുറയുകയും ചെയ്യുന്നു.

**iv)ഡിമാൻഡ് മാറുന്നതിന്റെ ബുദ്ധിമുട്ട്**

സാധനങ്ങളുടെ ഡിമാൻഡ് പെട്ടെന്ന് മാറിയാൽ സാധനങ്ങൾ വിൽക്കാതെ കെട്ടിക്കിടക്കുന്നതു മൂലം മാനേജ്മെന്റിന് കനത്ത നഷ്ടം സംഭവിക്കും.

**3. സൂപ്പർമാർക്കറ്റുകൾ (Supermarkets)**

കുറഞ്ഞ വിലയ്ക്ക് വൈവിധ്യമാർന്ന സാധനങ്ങൾ സ്വയം തിരഞ്ഞെടുക്കാവുന്ന ഒരു വലിയ ചില്ലറ വില്പനശാലയാണ് സൂപ്പർമാർക്കറ്റുകൾ. പലചരക്ക് സാധനങ്ങൾ, പാത്രങ്ങൾ, വസ്ത്രങ്ങൾ, ഇലക്ട്രോണിക് ഉൽപന്നങ്ങൾ, വീട്ടുപകരണങ്ങൾ, മരുന്നുകൾ തുടങ്ങിയ ഉൽപ്പന്നങ്ങളാണ് ഇവിടെ വിൽക്കുന്നത്. വ്യക്തമായ വില രേഖപ്പെടുത്തി സാധനങ്ങൾ പാക്കുകളിൽ ക്രമീകരിച്ചിരിക്കും. ഉപഭോക്താക്കൾ സൂപ്പർമാർക്കറ്റിൽ പ്രവേശിച്ചു തങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ സ്വയം എടുക്കുകയും, അവ ക്യാഷ് കൗണ്ടറിൽ കൊണ്ടു ചെന്ന് പണമടച്ച് വീട്ടിൽ കൊണ്ടു പോകുകയും ചെയ്യുന്നു.

**പ്രത്യേകതകൾ (Features)**

**i)** ഭക്ഷ്യ ഭക്ഷ്യേതര ഉൽപ്പന്നങ്ങൾ ഉൾപ്പെടെ എല്ലാത്തരം സാധനങ്ങളും ഇവിടെ വിൽക്കുന്നു.

**ii)** ഉപഭോക്താക്കൾക്ക് തങ്ങൾക്ക് ആവശ്യമുള്ള എല്ലാ ഉൽപ്പന്നങ്ങളും ഒരു മേൽക്കൂരയ്ക്കു കീഴിൽ നിന്നും വാങ്ങുവാൻ സാധിക്കുന്നു.

**iii)** ഉപഭോക്താക്കൾക്ക് തങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ സ്വയം തിരഞ്ഞെടുക്കാം.

**iv)** മറ്റ് ചില്ലറ വിൽപനശാലകളെ അപേക്ഷിച്ച് സാധനങ്ങൾക്ക് വില കുറവായിരിക്കും.

**v)** ക്യാഷ് അടിസ്ഥാനത്തിൽ മാത്രമാണ് വിൽപന നടക്കുന്നത്.

**vi)** സൂപ്പർമാർക്കറ്റുകൾ കേന്ദ്ര സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നു.

## വെൻഡിംഗ് മെഷീനുകൾ (Vending Machines)

സാധനങ്ങളുടെ വിൽപ്പനയ്ക്ക് വേണ്ടി ഉപയോഗിക്കുന്ന നാണയങ്ങൾ ഉപയോഗിച്ചോ കാർഡ് ഉപയോഗിച്ചോ പ്രവർത്തിക്കുന്ന മെഷീനുകളാണ് വെൻഡിംഗ് മെഷീൻസ്.

ചൂട് പാനീയങ്ങൾ, പ്ലാറ്റ്ഫോം ടിക്കറ്റ്, പാൽ, ശീതളപാനിയങ്ങൾ, ചോക്ലേറ്റുകൾ, പത്രം എന്നിവയുടെ വില്പനയ്ക്ക് വെൻഡിംഗ് മെഷീനുകൾ ഉപയോഗിക്കുന്നു. ഇതിന് ഏറ്റവും മികച്ച ഉദാഹരണമാണ് എടിഎം.

ഒരേ വലിപ്പവും തൂക്കവുമുള്ള, കുറഞ്ഞ വിലയുള്ള, മുൻകൂട്ടി പായ്ക്ക് ചെയ്ത ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് വളരെ അനുയോജ്യമാണ് വെൻഡിംഗ് മെഷീനുകൾ. എന്നാൽ മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ചെലവും നന്നാക്കുന്നതിനുള്ള ചിലവും കൂടുതലാണ്. കൂടാതെ വാങ്ങുന്നതിനു മുമ്പ് സാധനങ്ങൾ കാണുന്നതിനോ , വാങ്ങിയ സാധനം ഇഷ്ടപ്പെട്ടില്ലെങ്കിൽ തിരിച്ചു കൊടുക്കുന്നതിനോ ഉപഭോക്താക്കൾക്ക് സാധിക്കില്ല.